**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

**(INDUSTRY AND MINERALS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെ)**

**(PERIODICAL REPORT FROM 28TH JUNE, 2011 to 31ST MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്.

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2012 ജൂൺ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th June 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

(SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

(INDUSTRY AND MINERALS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെ)

(PERIODICAL REPORT FROM 28TH
JUNE, 2011 to 31ST MARCH 2012)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 16 |

## സബ്ജക്ട് കമ്മിറ്റി IV

(വ്യവസായവും ധാതുക്കളും)

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദിഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എളമരം കരീം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. സാജു പോൾ

ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 28-6-2011 മുതൽ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടമനുസരിച്ച് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ ബുള്ളറ്റിൻ—ഭാഗം 2 നമ്പർ 5 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2011-13-ലേക്കുള്ള വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2011-12 സാമ്പത്തിക വർഷത്തിൽ പരിഗണിച്ച വിഷയങ്ങളുടെ സംക്ഷിപ്ത വിവരമാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം.

റിപ്പോർട്ട് കാലയളവിൽ സമിതി 27-7-2011, 2-8-2011, 22-8-2011, 10-10-2011, 27-10-2011, 29-12-2011 എന്നീ തീയതികളിലായി ആറ് യോഗങ്ങൾ ചേരുകയും ഇതിൽ 27-7-2011, 2-8-2011 എന്നീ തീയതികളിലെ യോഗങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള വ്യവസായ വകുപ്പിന്റെ XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധന നടത്തുകയും 22-8-2011-ലെ യോഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട്, 2009 ജൂൺ 29 മുതൽ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

10-10-2011-ലെ യോഗത്തിൽ 2007-08, 2009-10, 2010-11 എന്നീ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും, വയനാട് ജില്ലയിലെ ക്വാറികളിലെ മൈനിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച് വകുപ്പിൽ നിന്ന് ലഭിച്ച റിപ്പോർട്ടും പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു. 27-10-2011-ലെ യോഗത്തിൽ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235(iii), (v) പ്രകാരം സമിതി 29-12-2011-ൽ യോഗം ചേരുകയും വ്യവസായ വാണിജ്യ വകുപ്പ്, കയർ വികസന വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ്, കെ. എസ്. ഐ. ഡി. സി., കെൽ, സിൽക്ക്, ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് എന്നിവയെ സംബന്ധിക്കുന്ന 2010-11 വർഷത്തെ ആനുൽ പെർഫോർമൻസ് റിപ്പോർട്ടുകൾ പരിഗണിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 57% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2007-08, 2009-10, 2010-11 വർഷങ്ങളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും, രണ്ടാം ഭാഗത്തിൽ 10-10-2011-ന് സമിതി പരിഗണിച്ച വയനാട് ജില്ലയിലെ ക്വാറികൾ സംബന്ധിച്ച മൈനിംഗ് & ജിയോളജി വകുപ്പിന്റെ റിപ്പോർട്ടും ചേർത്തിരിക്കുന്നു.

യോഗ നടപടികുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2012 മേയ് 2-ാം തീയതി ചേർന്ന യോഗം അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2012 മേയ് **2.**

# റിപ്പോർട്ട്

## ഭാഗം 1

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന XXXVII-ന്റെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ 10-10-2011-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ (2007-08) ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

ശുപാർശ നമ്പർ 38

2851-00-106-75—കയർ മേഖലയിൽ ഗവേഷണവും വികസനവും

ബഡ്ജറ്റ് വിഹിതം : 151 ലക്ഷം രൂപ

ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് പ്രാരംഭ ആവശ്യങ്ങൾക്കായി 300 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 151 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമാണെന്നും ആയതിനാൽ ലാബ് സജ്ജീകരണങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ അനുവദിച്ച 151 ലക്ഷം രൂപയ്ക്ക് പുറമേ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08-ൽ വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലായിരുന്നു. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് (NCRMI) 2008-09 വർഷം 160 ലക്ഷം രൂപയും 2009-10 വർഷം 180 ലക്ഷം രൂപയും അനുവദിച്ചു. പ്രസ്തുത തുക ഉപയോഗിച്ച് ലാബ് സജ്ജീകരണങ്ങൾ ക്യാന്റീൻ ഉൾപ്പെടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 28-10-2009-ന് ഉദ്ഘാടനം ചെയ്തു. പൂർണ്ണ തോതിൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചു. 2010-11-ൽ 225 ലക്ഷം രൂപ NCRMI യ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2851-00-106-93—ക്ഷേമനടപടികൾ

ബഡ്ജറ്റ് വിഹിതം : 600 ലക്ഷം രൂപ

ശുപാർശ നമ്പർ 39

കയർ തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ 1330 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ഇതിനായി ബഡ്ജറ്റിൽ 600 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തീരെ അപര്യാപ്തമാണെന്നും ആയതിൽ ബാക്കി തുകയായ 730 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-08 വർഷം 1400 ലക്ഷം രൂപയും 2008-09 വർഷം 1000 ലക്ഷം രൂപയും 2009-10 വർഷം 1664.24 ലക്ഷം രൂപയും കുടിശ്ശിക പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ക്ഷേമനിധി ബോർഡിന് നൽകുകയുണ്ടായി. 2010-11 സാമ്പത്തിക വർഷത്തിൽ മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമ പദ്ധതികൾ, പെൻഷൻ തുടങ്ങിയവയ്ക്കായി വകയിരുത്തിയ 1300 ലക്ഷം രൂപയിൽ പെൻഷൻ നൽകുന്നതിന് മാത്രമായി മാറ്റിവച്ചത് 1050 ലക്ഷം രൂപയാണ്. ഇതിന് പുറമേ ഉപധനാഭ്യർത്ഥനവഴി ലഭിച്ച 826.31 ലക്ഷം രൂപയുൾപ്പെടെ 1876.31 ലക്ഷം രൂപ 2010 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകുന്നതിന് അനുവദിച്ചു കഴിഞ്ഞു.

ശുപാർശ നമ്പർ 40

കേന്ദ്ര ഗവൺമെന്റ് സ്പോൺസർ ചെയ്യുന്ന പല സ്കീമുകളും കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ട് തൊഴിലാളികൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കണമെന്നും കേരളത്തിന്റെ സാഹചര്യത്തിന് അനുയോജ്യമായിട്ടുള്ള യന്ത്രവൽക്കരണ ആശയം കൊണ്ടുവരണമെന്നും ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ കയർ മേഖലയിൽ സാങ്കേതിക വിദ്യയും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുന്നതിനായി 2007-08-ൽ 90 ലക്ഷം രൂപ അനുവദിച്ചിരുന്നു. സംസ്ഥാന ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിൽ അനുയോജ്യമായ യന്ത്രവൽക്കരണം കൊണ്ടുവരുന്നതിനുവേണ്ടി തുക വകയിരുത്തിയിട്ടുണ്ട്. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം പദ്ധതി പ്രകാരം 2009-10 വർഷം 500 ലക്ഷം രൂപയും 2010-11 വർഷം 1000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 41

കയർഫെഡ് ഡിസ്ട്രസ് പർച്ചെയ്സ് സ്കീം മുഖേന സംഭരിച്ച് വച്ചിരിക്കുന്ന കയർ നശിച്ചുപോകാതെ, വിറ്റഴിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്ക ണമെന്ന് സമിതി ആവശ്യപ്പെടുന്നു.

സ്വീകരിച്ച നടപടി

ഇപ്പോൾ കയർഫെഡ് സംഭരിക്കുന്ന കയർ അപ്പോഴപ്പോൾ തന്നെ വിറ്റഴിക്കുന്നുണ്ട്.

## II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ (2009-10) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിനെ സംബന്ധിച്ച ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

ശുപാർശ നമ്പർ 56

**സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, ഫറോക്ക്**

ഈ കമ്പനിയുടെ പുനരുദ്ധാരണത്തിനായി സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായി ഒരു Joint Venture എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. J. V. കമ്പനി 47 കോടി 64 ലക്ഷം രൂപ മുതൽമുടക്കുള്ള TMT റോളിംഗ് മിൽ സ്ഥാപിക്കുന്നതോടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് വിലയിരുത്തുന്നു. ഇതിനായി കരാറിലെ വ്യവസ്ഥ പ്രകാരം സ്റ്റീൽ കോംപ്ലക്സിലെ നിലവിലുള്ള കടങ്ങൾ സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ TMT റോളിംഗ് മിൽ വാങ്ങുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ മുതൽമുടക്ക് 7.5 കോടി രൂപയാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് താഴെപ്പറയും പ്രകാരം സർക്കാർ സാമ്പത്തികസഹായം ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു :

(എ) TMT—റീറോളിംഗ് മില്ലിനുവേണ്ടതായ കേരള സർക്കാരിന്റെ ഷെയർ മുതൽമുടക്ക്—7 കോടി 15 ലക്ഷം രൂപ

(ബി) കേരള ഗവൺമെന്റ് സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, SAIL, Joint Venture എഗ്രിമെന്റ് പ്രകാരം കടബാദ്ധ്യതകൾ തീർക്കുന്നതിനുവേണ്ടി—സർക്കാർ ഗ്രാന്റ്

(i) ഇ. പി. എഫ്. ഡാമേജസ് & 7 Q interest 1997 to 2004—43 ലക്ഷം രൂപ

(ii) KMML-ൽ നിന്നും ലഭിച്ച വായ്പ തിരിച്ചടയ്ക്കുന്നതിന് 15 ലക്ഷം രൂപ.

(iii) മലബാർ സ്റ്റീൽ റോളിംഗ് മിൽ-വെണ്ണിയൂർ (ഇപ്പോൾ എസ്. സി. എൽ. റോളിംഗ് മിൽ യൂണിറ്റ്) തിരൂർ വിജയാ ബാങ്കിൽ നിന്നും കടംവാങ്ങിയ വായ്പയുടെ കുടിശ്ശിക തീർക്കുന്നതിന്—8.5 ലക്ഷം രൂപ

സ്വീകരിച്ച നടപടി

(എ) സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിൽ TMT-റീറോളിംഗ് മിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ 7.15 കോടി രൂപ അനുവദിക്കുന്നതിന് 23-12-2010-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1737/10/ഐ.ഡി. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) സ്റ്റീൽ കോംപ്ലക്സിന് സർക്കാരിനുണ്ടായിരുന്ന 41,72,17,348 ലക്ഷം രൂപ വരെയുള്ള വായ്പ ജി. ഒ. (എംഎസ്.) 94/10/ഐ.ഡി. തീയതി 20-4-2010 പ്രകാരം എഴുതിത്തള്ളുകയുണ്ടായി.

(i) കമ്പനിയുടെ PF കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള തുക അനുവദിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

(ii)) SCL-KMML-ൽ നിന്നുമെടുത്ത 15 ലക്ഷം രൂപയുടെ വായ്പ എഴുതിത്തള്ളുകയുണ്ടായി.

(iii) മലബാർ സ്റ്റീൽ റോളിംഗ് മിൽ, വെണ്ണിയൂർ (ഇപ്പോൾ എസ്.സി. എൽ. റോളിംഗ് മിൽ യൂണിറ്റ്) തിരൂർ വിജയാ ബാങ്കിൽ നിന്നും വാങ്ങിയ വായ്പ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കുകയുണ്ടായി.

## III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമതു റിപ്പോർട്ടിലെ (2010-11) ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

ശുപാർശ നമ്പർ 42 മുതൽ 51 വരെ

42. കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾക്കും സാധ്യതാ പഠനങ്ങൾക്കുമായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. കഴക്കൂട്ടത്ത് ആരംഭിക്കുന്ന ലൈഫ് സയൻസസ് പാർക്കിനുവേണ്ടി അനുവദിച്ച 5 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ കുറഞ്ഞത് 55 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി ഏകദേശം 300 ഏക്കർ സ്ഥലം കൊച്ചിയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിലേക്ക് 50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4885-01-200-99—കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പാർക്കുകളിലേക്കുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ

45. വ്യവസായ പാർക്കുകൾക്കാവശ്യമായ ഭൂമി തയ്യാറായിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ നൽകാനായിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. റോഡുകളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 150 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ 20 കോടി മാത്രമാണ് നൽകിയിരിക്കുന്നത്. ടി ഹെഡിൽ കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

46. കേന്ദ്ര വ്യവസായ വളർച്ചാകേന്ദ്രത്തിന്റെ വികസനത്തിനായി ഏതാണ്ട് 372 ഏക്കർ ഏറ്റെടുക്കുന്നതിന് 56 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 കോടി രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. ബാക്കി തുകയായ 51 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. കാസർഗോഡ് ചീമേനിയിൽ കേരള വിദ്യുച്ഛക്തി ബോർഡുമായി ചേർന്ന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തെർമൽ വൈദ്യുത പദ്ധതി 2010-11-ൽ 80 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ ഇപ്പോൾ അനുവദിച്ച ഒരു കോടി രൂപയ്ക്ക് പുറമേ 59 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

48. സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു ബൃഹത് പദ്ധതിയായ അതിവേഗ റെയിൽപാതയ്ക്ക് 42 കോടി രൂപ നൽകണമെന്ന് അപേക്ഷിച്ചിരുന്നെങ്കിലും ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. 21 കോടി രൂപയെങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. കുറ്റ്യാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 5 കോടി രൂപ ഇപ്പോൾ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ 6 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. നാദാപുരം മണ്ഡലത്തിൽ ഔഷധ സസ്യങ്ങളുടെ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 3.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിലേക്ക് 3 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

51. സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കെ.എസ്.ഐ.ഡി.സി. നടപ്പാക്കിവരുന്ന ഇസ്ലാമിക ധനകാര്യ സ്ഥാപനം, കൊച്ചി വ്യവസായ ജലവിതരണ പദ്ധതി, കൊടുങ്ങല്ലൂർ വ്യവസായ പാർക്ക്, കുഴൽമന്ദം ഡയറി യൂണിറ്റ്, കുഴൽമന്ദം കാറ്റാടി വൈദ്യുത പദ്ധതി തുടങ്ങിയവയ്ക്കെല്ലാം സർക്കാർ വിഹിതം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ഇവയ്ക്ക് ഓരോന്നിനും ആവശ്യം വേണ്ട തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (42 മുതൽ 51 വരെ)</u>

സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷം ഈ പദ്ധതികൾക്കായി അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

## കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനെ സംബന്ധിച്ച ശുപാർശകൾ

ശുപാർശ നമ്പർ 53

**എടരിക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണം**

എടരിക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായി കമ്പനി ഒരു പ്രൊപ്പോസൽ ഗവൺമെന്റിന് നൽകിയിട്ടുണ്ട്. പുതിയ പ്രോജക്ടിന് ഭരണാനുമതി ലഭിക്കുകയും 146.87 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. ട്രാൻസ്ഫോർമറുകളുടെ നിർമ്മാണത്തിൽ ഉൽപ്പാദനക്ഷമത കൈവരിച്ചുകൊണ്ടിരിക്കുന്ന പ്രോജക്ടിന് ആവശ്യമായ ബാക്കി തുകയായ 153.13 ലക്ഷം രൂപ 2010-11-ലെ ആദ്യപാദത്തിൽ തന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ എടരിക്കോട് യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ ഉൽപ്പാദനം തുടങ്ങുന്നതിനായി കമ്പനി സമർപ്പിച്ച 300 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകുകയും 146.87 ലക്ഷം രൂപ 2009-10 സാമ്പത്തിക വർഷത്തിൽ നൽകുകയും ബാക്കി തുകയായ 153.13 ലക്ഷം രൂപ 2010-ൽ നൽകുകയും ചെയ്തിട്ടുണ്ട്. 2010 ജനുവരി മുതൽ ഇവിടെ ട്രാൻസ്ഫോർമറുകൾ ഉൽപ്പാദനം തുടങ്ങുകയും ഇപ്പോൾ പ്രതിമാസം 120 ട്രാൻസ്ഫോർമറുകൾ നിർമ്മിച്ചുവരുകയും ചെയ്യുന്നു.

ശുപാർശ നമ്പർ 54

**പവർ ട്രാൻസ്ഫോർമറുകളുടെ നിർമ്മാണം**

മാമല യൂണിറ്റിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഈ പ്രോജക്ടിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 12 കോടി 50 ലക്ഷം രൂപയാണ്. പ്രോജക്ടിന്റെ സാക്ഷാത്കാരത്തിനായി 12 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ മാമല യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ പവർ ട്രാൻസ്ഫോർമറുകൾ ഉല്പാദനം തുടങ്ങുന്നതിനായി കമ്പനി സമർപ്പിച്ച 1250 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

ശുപാർശ നമ്പർ 55

**ഫാക്ടറിയുടെയും മെഷീനുകളുടെയും പുനർ നവീകരണം**

ടി ആവശ്യത്തിലേക്കായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

കമ്പനിയുടെ മാമല, കുണ്ടറ യൂണിറ്റുകളിലെ കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കമ്പനി സമർപ്പിച്ച 1750 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

ശുപാർശ നമ്പർ 56

**കുണ്ടറ യൂണിറ്റിന് പ്രവർത്തനമൂലധനസഹായം**

ഈ യൂണിറ്റിൽ പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം അസംസ്കൃത വസ്തുക്കൾ കൃത്യമായി സംഭരിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും കൃത്യസമയത്ത് ഉല്പന്നങ്ങൾ നിർമ്മിച്ച് നൽകുവാൻ കഴിയുന്നില്ല. തൽക്കാലം പ്രവർത്തനമൂലധനമായി 3 കോടി രൂപ ലഭിക്കുകയാണെങ്കിൽ ഉത്പാദനവും വിറ്റുവരവും വലിയൊരളവിൽ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് മാനേജ്മെന്റ് അവകാശപ്പെടുന്നു. അതിനാൽ 3 കോടി രൂപ 2010-11-ലെ ആദ്യപാദത്തിൽതന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

കുണ്ടറ യൂണിറ്റിന്റെ പ്രവർത്തന മൂലധനമായി 3 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കമ്പനി സർക്കാരിന് നൽകിയിരുന്നു. ഈ തുക സർക്കാർ വായ്പയായി സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയിൽ ഫോർജിംഗ്സ് ലിമിറ്റഡിൽ നിന്നും അനുവദിക്കുകയും, തുക ഉപയോഗിച്ച് നിലവിലുള്ള ഓർഡറുകൾ ചെയ്യുന്നതിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങാനുള്ള നടപടികൾ കമ്പനി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 57

**സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനെ സംബന്ധിച്ച ശുപാർശ**

കമ്പനിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു യന്ത്രസാമഗ്രിയാണ് 10 ടൺ ഹാമ്മർ. ഇതിൽ നിന്നാണ് കമ്പനിയുടെ 90% ഉത്പാദനവും നടക്കുന്നത്. എന്നാൽ കാലപ്പഴക്കം കൊണ്ട് ഉത്പാദനക്ഷമത കുറഞ്ഞിട്ടുണ്ട്. ഇതുമാറ്റി പുതിയത് വാങ്ങുന്നതിന് അനുമതി ലഭിക്കുകയും 3 കോടി രൂപ 2009-10-ൽ അനുവദിക്കുകയുമുണ്ടായി. 2010-2011-ൽ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുവേണ്ടി ശുപാർശ ചെയ്തിട്ടുള്ള 6 കോടി രൂപയുടെ പ്രൊപ്പോസൽ കമ്പനി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ നമ്പർ 74

**സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനെ സംബന്ധിച്ച ശുപാർശ**

ഒറ്റപ്പാലത്തുള്ള കമ്പനിയുടെ ഫൗണ്ടറി യൂണിറ്റിന്റെ സാങ്കേതിക പുനരുദ്ധാരണത്തിനുവേണ്ടി 4 കോടി രൂപയും കൊച്ചിൻ ഷിപ്പ്യാർഡുമായിട്ടുള്ള

സംയുക്ത സംരംഭത്തിന് സാങ്കേതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള ചെലവ് 4 കോടി രൂപയും സ്വയം വിരമിക്കൽ പദ്ധതി ഉൾപ്പെടെയുളള ജീവനക്കാർക്ക് കൊടുക്കുവാനുള്ള കുടിശ്ശിക 78.33 ലക്ഷം രൂപയും ചേർത്ത് ആകെ 8 കോടി 78.33 ലക്ഷം രൂപ സഹായധനമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സിൽക്കിന്റെ ഒറ്റപ്പാലം യൂണിറ്റിന്റെ നവീകരണത്തിനായി 280 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രോജക്ടിനായി കമ്പനിയിൽ പുതിയ നിയമനങ്ങൾ നടത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ആയതിനാൽ തുക ഇതേവരെ നൽകിയിട്ടില്ല. കൂടാതെ സിൽക്കിന് VRS ആനുകൂല്യങ്ങൾ നൽകുന്നതിന് 74.03 ലക്ഷം രൂപ അനുവദിക്കണമെന്ന് കമ്പനി എം.ഡി. അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

(ഫയൽ നമ്പർ 26669/ഡി2/10/ഐ.ഡി.)

ശുപാർശ നമ്പർ 61

**'കിൻഫ്ര'യെ സംബന്ധിച്ച ശുപാർശ**

50 വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി 250 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിൽ 50 കോടി രൂപയും ഈ വർഷം തന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

പദ്ധതിയുടെ രൂപരേഖയും പ്രോജക്ട് റിപ്പോർട്ടും അംഗീകരിക്കുന്ന മുറയ്ക്ക് ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ നമ്പർ 62

വസ്ത്ര നിർമ്മാണ വ്യവസായത്തിനുവേണ്ടി റീജണൽ പാർക്കുകൾ ആരംഭിക്കുന്നതിനായി 25 കോടി രൂപയും പരിശീലന ചെലവിനായി 5 കോടി രൂപയും ഈ വർഷം തന്നെ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

വസ്ത്ര നിർമ്മാണ വ്യവസായത്തിനുവേണ്ടി റീജണൽ പാർക്കുകളിലെ തൊഴിലാളികളുടെ പരിശീലനത്തിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 5 കോടി രൂപ ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥന യിൽ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതാണ്.

ശുപാർശ നമ്പർ 68, 69

**'സിഡ്കോ'യെ സംബന്ധിച്ച ശുപാർശകൾ**

സിഡ്കോയുടെ നവീകരണ പ്രവർത്തനങ്ങൾക്കും ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനും സംസ്ഥാന വിഹിതമായി 7 കോടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്താൻവേണ്ടി ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ വികസന ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇപ്പോൾ അനുവദിച്ച 20 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ കൂടുതൽ സംസ്ഥാന വിഹിതം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായം നടത്തുന്ന ചെറുകിട വ്യവസായികളുടെ ആവശ്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനും ഒരു നിയോജക മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന പദ്ധതി പ്രകാരം പുതിയ വ്യവസായ പാർക്കുകളുടെ നിർമ്മാണത്തിനും പുതിയ വ്യവസായ എസ്റ്റേറ്റുകളുടെ സ്ഥലമെടുപ്പിനും വേണ്ടി കുറഞ്ഞത് 10 കോടി രൂപയെങ്കിലും സിഡ്കോയ്ക്ക് പ്രത്യേക ധനസഹായമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സിഡ്കോയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ വികസനത്തിനും മറ്റുമായി 5 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് സിഡ്കോ എം.ഡി. യുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് സിഡ്കോയ്ക്ക് ഈ ആവശ്യത്തിലേക്കായി 21-7-2010-ലെ സ.ഉ. (സാധാ)1051/10 പ്രകാരം 2,56,62,822 രൂപ അനുവദിച്ച് നൽകുകയുണ്ടായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). കൂടാതെ സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ റോഡുകളുടെ അറ്റകുറ്റപ്പണിക്കും മറ്റുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 20-11-2010-ലെ സ.ഉ. (സാധാ)1607/10/വ്യവ. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) തീയതി 20-11-2010 പ്രകാരം 2 കോടി രൂപ അധികമായി നൽകുകയും ചെയ്തിട്ടുണ്ട്. വിഭവലഭ്യതയുടെ പരിമിതിമൂലം നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനും പുതിയ വ്യവസായ പാർക്കുകൾ നിർമ്മിക്കുന്നതിനുമായി അധികതുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

ശുപാർശ നമ്പർ 70

**ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ സംബന്ധിച്ച ശുപാർശ**

വെള്ള കക്ക കൊണ്ടുവരുന്നതിന് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തടി ബാർജുകൾക്ക് ധാരാളം അറ്റകുറ്റപണികൾ വേണ്ടിവരുന്നതും പ്രവർത്തനത്തിന് പോരാത്തതുമാണ്. ആയതിനാൽ പ്രവർത്തനചെലവ് കുറയ്ക്കുന്നതിനും ക്ഷമത വർദ്ധിപ്പിക്കുന്നതിനും 150 ടൺ ശേഷിയുള്ള സ്റ്റീൽ ബാർജ് വാങ്ങുന്നതിന് 1.5 കോടി രൂപയും ബോൾ മിൽ മാറ്റി സ്ഥാപിക്കുന്നതിന് 2 കോടി രൂപയും ക്രഷർ മാറ്റി സ്ഥാപിക്കുന്നതിന് ഒരു കോടി രൂപയും ഉയർന്ന വിലയുള്ള ഫർണസ് ഓയിലിൽ നിന്ന് താരതമ്യേന വിലകുറഞ്ഞ പെറ്റ്കോക്കിലേക്കുള്ള ഇന്ധനമാറ്റ ചെലവിന് 14 കോടി രൂപയും ചേർത്ത് 18.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരമുള്ള തുക അനുവദിക്കുവാൻ സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമൂലം കഴിഞ്ഞിട്ടില്ല. എന്നാൽ നിലവിലുള്ള ബജറ്റ് തുകയിൽ നിന്ന് കമ്പനിക്കാവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശുപാർശ നമ്പർ 77

**കേരള സിറാമിക്സ് ലിമിറ്റഡിനെ സംബന്ധിച്ച ശുപാർശ**

കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള അസംസ്കൃത കളിമണ്ണ് അത്യന്താപേക്ഷിതമായതിനാൽ ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് ആന്റ് ജിയോളജിയുടെ റിപ്പോർട്ടിൻ പ്രകാരം നല്ല ക്ളേ ഉള്ള 4.8913 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ 4 കോടി രൂപ അനുവദിക്കണമെന്ന് 2009-10-ൽ സമിതി ശുപാർശ ചെയ്തിരുന്നു. ഈ സാമ്പത്തിക വർഷത്തിലും പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി വീണ്ടും ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശയിന്മേൽ കെ.സി.എൽ. സമർപ്പിച്ച പദ്ധതി സർക്കാർ പരിഗണിക്കുകയും 31-3-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 566/2011/വ്യവ. പ്രകാരം 3 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 85

**ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകൾ**

4859-02-190-04—ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരളാ എന്ന കമ്പനിക്കുള്ള മൂലധനനിക്ഷേപം

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ

ടി തുക 59.90 കോടി രൂപയായി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4859-02-190-94 എന്ന ശീർഷകത്തിൽ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് 2010-11 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 86

ടെക്നോപാർക്കിന്റെ അഭൂതപൂർവ്വമായ വികസനവും വളർച്ചയും കണക്കിലെടുത്ത് പദ്ധതി നടത്തിപ്പിനായി കൂടുതലായി വേണ്ടിവരുന്ന 90 കോടി രൂപ 4859-02-800-98 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ 4859-02-800-98 എന്ന ശീർഷകത്തിൽ ടെക്നോപാർക്കിന് 16,18,08,000 രൂപ അധികമായി നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 87

4859-02-190-93 (പ്ലാൻ)—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (IIITMK) ഓഹരി മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

ടി ഹെഡിൽ 1 കോടി രൂപയ്ക്ക് പുറമെ കെട്ടിട നിർമ്മാണത്തിനായി 2.15 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 4859-02-190-93 (P) എന്ന ശീർഷകത്തിൽ 1 കോടി രൂപ IIITM-K1യ്ക്ക് ഭൂമി ഏറ്റെടുക്കുവാനും കെട്ടിട നിർമ്മാണത്തിനുമായി വകയിരുത്തിയിട്ടുണ്ടായിരുന്നു. കൂടാതെ അധിക തുകയായി 3.15 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 88

4859-02-800-93—(നോൺ പ്ലാൻ)ഐ.ടി. പാർക്കുകളിലേക്കുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 999.99 ലക്ഷം രൂപ

ടി ഹെഡിൽ ഐ.ടി. പാർക്കുകളിലേക്കുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ 5.87 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4859-02-800-93 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 999.99 ലക്ഷം രൂപ ടെക്നോപാർക്കിനും ഇൻഫോ പാർക്കിനുമായി നൽകിയിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 89

4859-02-800-96—കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

ടി ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല എങ്കിലും 4859-02-800-96 എന്ന ശീർഷകത്തിൽ 2 കോടി രൂപ റിഅപ്രോപ്രിയേഷൻ മുഖേന വകകൊള്ളിച്ച് നല്കിയിട്ടുണ്ട്.

## ശുപാർശ നമ്പർ 90

### 4859-02-800-95—വിമാനത്താവളം-തുറമുഖം റോഡിൽ നിന്നും സ്മാർട്ട് സിറ്റിയിലേക്ക് നാലുവരിപ്പാത നിർമ്മിക്കൽ

ടി ഹെഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി വിമാനത്താവളം-തുറമുഖം റോഡിൽ നിന്നും സ്മാർട്ട് സിറ്റിയിലേക്ക് നാലുവരിപ്പാതയുടെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ 15.37 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് പ്രകാരം വിമാനത്താവളം, തുറമുഖം റോഡിൽ നിന്നും ഇൻഫോപാർക്കിലേക്ക് നാലുവരിപ്പാത നിർമ്മിക്കുന്നതിനും ഇൻഫോപാർക്കിന്റെ മറ്റ് പണികൾക്കുമായി 4859-02-800-98 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുകയായ 17.50 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്.

## ശുപാർശ നമ്പർ 91

ടെക്നോസിറ്റിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കേണ്ടിവന്ന വീടുകളിൽ ദീർഘകാലമായി ടി സ്ഥലത്ത് താമസിപ്പിച്ചിരുന്ന ആളുകളെ പുനരധിവസിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ടെക്നോസിറ്റിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പിൽ കുടിയൊഴിപ്പിക്കപ്പെട്ട 99 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിനും 5 സെന്റ് വീതമുള്ള പ്ലോട്ടുകൾ നൽകുന്നതിനുള്ള നടപടികൾ അതിന്റെ അന്തിമ ഘട്ടത്തിലാണ്.

## ഭാഗം 2

വയനാട് ജില്ലയിലെ ക്വാറികളിലെ മൈനിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ലഭ്യമാക്കിയതും 10-10-2011-ലെ സമിതി യോഗം പരിഗണിച്ചതുമായ റിപ്പോർട്ട്.

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 8-9-2010-ലെ യോഗത്തിൽ വയനാട് ജില്ലയിൽ ക്വാറികളിലെ മൈനിംഗ് പ്രവർത്തനങ്ങൾ നിർത്തിവച്ചതു സംബന്ധിച്ചുള്ള വിശദീകരണം ജില്ലാ കളക്ടറോട് ആരായണമെന്നും ഇത് സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

ആയതിൻപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് 15-12-2010-ലെ സമിതി യോഗം പരിഗണിച്ചു. അനധികൃത കരിങ്കൽ ക്വാറികളിലെ ഖനനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച

വിധിയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് 1-12-2010-ൽ ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് സമിതിയിലെ എല്ലാ അംഗങ്ങൾക്കും നൽകണമെന്നും ഉത്തരവ് പരിശോധിച്ചശേഷം അതിൽ എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടോയെന്ന് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാമെന്നും പ്രസ്തുത യോഗത്തിൽ സമിതി നിർദ്ദേശിക്കുകയുണ്ടായി.

2011 ജനുവരി 19-ാം തീയതിയിലെ യോഗത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചർച്ച ചെയ്യുകയും ടി വിഷയം സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ക്വാറിയിംഗ് മേഖലയിൽ ഉണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് വീണ്ടും ഒരു റിപ്പോർട്ട് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ആവശ്യപ്പെടുകയും ചെയ്തു.

ഇതനുസരിച്ച് വകുപ്പിൽ നിന്ന് 27-1-2011-ന് ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

വയനാട് ജില്ലയിൽ കരിങ്കൽ ഖനനത്തിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ക്വാറിയിംഗ് ലീസ്, ഹ്രസ്വകാല ക്വാറിയിംഗ് പെർമിറ്റ്, കൺസോളി ഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റത്തിൽ ഒരു വർഷം കാലാവധിയുള്ള ക്വാറി യിംഗ് പെർമിറ്റ് എന്നിവ പട്ടയവസ്തുവിലും, ജില്ലാ കളക്ടറുടെ നിരാക്ഷേപപത്ര ത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പാറ പുറമ്പോക്കിലും നൽകിവരുന്നു. കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റമനുസരിച്ച് ഖനനാനുമതി ഒരു വർഷത്തേക്കാണ് അനുവദിക്കുന്നത്. ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രത്തിൽ കാലാ വധിയില്ലാത്ത അപേക്ഷകളിലും, നിക്ഷേപം കുറവുള്ള സ്ഥലങ്ങളിലുമാണ് ഹ്രസ്വകാല ഖനന പെർമിറ്റ് നല്കിയിട്ടുളളത്. ഇപ്രകാരം 12 ക്വാറിയിംഗ് ലീസുകൾ, 128 ക്വാറിയിംഗ് പെർമിറ്റുകൾ (കൺസോളിഡേറ്റഡ് റോയൽറ്റി പെയ്മെന്റ് സിസ്റ്റം അനുസരിച്ച്) 37 ഹ്രസ്വകാല പെർമിറ്റുകൾ എന്നിവ ഉൾപ്പെടെ 177 ഖനനാ നുമതിയുള്ള (ജില്ലാ കളക്ടറുടെ നിരാക്ഷേപപത്ര പ്രകാരമുളളവ ഉൾപ്പെടെ) ക്വാറികളാണ് 29-3-2010-ൽ ജില്ലയിൽ പ്രവർത്തിച്ചിരുന്നത്.

ശ്രീ. ധർമ്മരാജ് സി. എസ്., മീനങ്ങാടി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ള്യു.പി (സി) 5452/2010-ാം നമ്പർ കേസിന്റെ 19-2-2010 ലുള്ള ഉത്തരവിൽ, സ്ഥലപരിശോധന നടത്തി അനധികൃത ഖനനം സംബന്ധിച്ചുള്ള റിപ്പോർട്ട് നൽകുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം 27-3-2010-ൽ ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് ഖനനാനുമതി നൽകി യിട്ടുള്ള 177 ക്വാറികളുടെയും വിവരങ്ങൾ നൽകുകയുണ്ടായി. പ്രസ്തുത കേസിന്റെ 8-4-2010-ലുള്ള വിധിന്യായത്തിൽ 48 മണിക്കൂറിനുള്ളിൽ നിയമാനുസൃതമല്ലാതെ പ്രവർത്തിച്ചുവരുന്ന ക്വാറികൾ അടച്ചുപൂട്ടുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം ജില്ലാ കളക്ടർ താലൂക്ക് തലത്തിലും വില്ലേജ് തലത്തിലും നിർദ്ദേശം നൽകി ക്വാറികൾ നിർത്തിവയ്പ്പിക്കുകയാണ് ചെയ്തത്.

ഡബ്ള്യു.പി. (സി) 5452/2010 നമ്പർ കേസിനോടനുബന്ധിച്ച് വയനാട് ജില്ലാ കളക്ടർക്ക് ലഭിച്ച ഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം, വയനാട് ജില്ലാ ജിയോളജിസ്റ്റ് 20-7-2010-ൽ ജില്ലയിൽ നിലവിൽ

പ്രവർത്തിച്ചിരുന്ന 164 കരിങ്കൽ ക്വാറികളെ (മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന ഖനനാനുമതിയുടെ കാലാവധി വ്യത്യസ്തമായതിനാലും, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഖനനാനുമതി പുതുക്കി നൽകുന്നതിനാലും പെർമിറ്റുകളുടെ എണ്ണത്തിൽ വ്യത്യാസം വരുന്നു) സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്നു.

ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്മേലുള്ള ജില്ലാ കളക്ടറുടെ നടപടിയിൽ, പ്രസ്തുത കാലയളവിൽ, ജില്ലയിലെ എല്ലാ ക്വാറികളും ഒരു മാസം പ്രവർത്തന രഹിതമായപ്പോൾ ഇ.എം.എസ്. ഭവന പദ്ധതികൾ പോലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചുവെങ്കിലും മൺസൂൺ കാലമായതിനാൽ നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായ മാന്ദ്യതമൂലം, പ്രശ്നം അതിരൂക്ഷമാകാതിരുന്നുവെന്നു വിവിധ തലത്തിൽ നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യമായി. എന്നാൽ 6-9-2010-ൽ രാഷ്ട്രീയ-തൊഴിലാളി യൂണിയനുകളുടെ ഇടപെടൽമൂലം ജില്ലാ കളക്ടർ സർവ്വകക്ഷി യോഗം ചേർന്ന് പ്രശ്നപരിഹാരത്തിനായി ചർച്ച നടത്തി തീരുമാനങ്ങൾ ഉണ്ടാകുകയും നിലവിലുള്ള സ്ഥിതിയിൽ എല്ലാവിധ ലൈസൻസുകളും ഉള്ളവർക്ക് താല്ക്കാലികമായി ഖനനം തുടരുന്നതിന് അനുമതി നൽകുകയും ചെയ്തു.

14-9-2010-ൽ ബഹു. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം, വയനാട് ജില്ലയിലെ കരിങ്കൽ ക്വാറികളിൽ, അനധികൃത ഖനനം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനായി വകുപ്പ് നടപടി സ്വീകരിച്ചിരുന്നു. ജില്ലയിലെ പ്രവർത്തനത്തിലിരിക്കുന്ന എല്ലാ കരിങ്കൽ ക്വാറികളും മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്ന് ഖനനാനുമതി നേടികൊണ്ടാണ് പ്രവർത്തിക്കുന്നത്. എന്നാൽ സമയപരിമിതിമൂലവും ബഹുജനപ്രക്ഷോഭംമൂലവും ക്വാറികളിൽ നിന്നും ഖനനം ചെയ്തു നീക്കിയ ധാതുവിന്റെ അളവ് തിട്ടപ്പെടുത്താൻ സാധിച്ചില്ല.

29-10-2010-ൽ ബഹു. വ്യവസായ വകുപ്പുമന്ത്രി, ബഹു. റവന്യൂ വകുപ്പുമന്ത്രി, ബഹു. ഫിഷറീസ് വകുപ്പുമന്ത്രി, ബഹു. തൊഴിൽ വകുപ്പുമന്ത്രി, ബഹു. ഗതാഗത വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ക്വാറിയിംഗ് മേഖലയിൽ അനുഭവപ്പെടുന്ന പ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യുവാനായി ഒരു യോഗം ചേരുകയും ക്വാറിയിംഗ് മേഖലയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സ്വരൂപിച്ചു മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാനും കൂടാതെ എക്സ്പ്ലോസീവ് ലൈസൻസ് സുഗമമായി ലഭ്യമാക്കുവാനും ഷോട്ട് ഫയർ ലൈസൻസ് ഉള്ളവർക്ക് ക്വാറികളിൽ ബ്ലാസ്റ്റിംഗ് പ്രവർത്തികൾക്ക് അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുവാനും തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം ക്വാറികളിലെ പ്രതിസന്ധി ലഘൂകരിക്കുന്നതിന് 1-12-2010-ൽ ജി.ഒ (എംഎസ്.) നമ്പർ 236/2010/ഐഡി സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് നാളിതുവരെ രൂപീകരിച്ചിട്ടില്ല. ജില്ലാ കളക്ടർമാർ എക്സ്പ്ലോസീവ് ലൈസൻസ് നിയമാനുസൃതം നൽകണമെന്ന നിർദ്ദേശത്തിന്മേലുള്ള തുടർ നടപടികളുടെ വിവരം മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭ്യമല്ല. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമാകും.

തുടർന്ന് വയനാട് ജില്ലയിലെ അനധികൃത ഖനനം സംബന്ധിച്ച് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി മാനന്തവാടി സബ്കളക്ടറേയും പോലീസ് സൂപ്രണ്ടിനെയും ബഹു. ഹൈക്കോടതി ചുമതല പ്പെടുത്തി. പ്രസ്തുത റിപ്പോർട്ടിൽ 3 ക്വാറികൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ടി ക്വാറികളിൽ ശ്രീ. എ. കെ. അഹമ്മദ് കോയ, വയനാട് ഗ്രാനൈറ്റ്, ശ്രീ. അബ്ദുൾ നാസർ, തീരം, എമിലി, എന്നിവരുടെ ക്വാറികൾ വകുപ്പിന്റെ ഖനനാനുമതിയോടെ പ്രവർത്തിക്കുന്നതും ശ്രീ. രാംദാസ്, രജിതപുരിയുടെ പേരിലുള്ള ക്വാറികൾ ഖനന പ്രവർത്തനം നിർത്തിവെച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ഖനനാനുമതിയുള്ള ക്വാറികൾ പോലും അനധികൃതമായി പ്രവർത്തിക്കുന്നതായി ഹൈക്കോടതി മുൻപാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജില്ലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ ക്വാറികളും വകുപ്പിന്റെ ഖനനാനുമതിയോടെയാണ് പ്രവർത്തിക്കുന്നതെന്നും ഇപ്പോൾ അനധികൃത ഖനനം നടക്കുന്നില്ലായെന്നും വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ ഖനനത്തിനുള്ള പഞ്ചായത്ത് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തിക്കുവാനുള്ള അനുവാദം, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ പോലുള്ള അനുവാദങ്ങൾ പെർമിറ്റുടമ നേടിയിട്ടുണ്ടോ എന്ന് അതതു വകുപ്പുകൾ പരിശോധിക്കേണ്ടതാണ്. ഇവ സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭ്യമല്ല. എക്സ്പ്ലോസീവ് ലൈസൻസ് പോലുള്ളവ നേടിയതിനുശേഷം മാത്രം ഖനനം നടത്തേണ്ടതാണെന്ന് പെർമിറ്റുടമയ്ക്ക് വകുപ്പ് നിർദ്ദേശം നൽകുന്നുണ്ട്.

ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു. പി. (സി) 5452/10-ാം നമ്പർ കേസിന്റെ 5-1-2011-ലെ ഉത്തരവിനുശേഷം നിലവിൽ പ്രവർത്തിക്കുന്ന 134 ക്വാറികളിൽ, 36 ക്വാറികൾ പോലീസ്, റവന്യൂ അധികാരികളുടെ പരിശോധനയിൽ നിർത്തി വയ്പ്പിച്ചിട്ടുണ്ട്. പ്രവർത്തനത്തിലിരുന്ന പല ക്വാറികളും അടച്ചുപൂട്ടിയതിനാൽ, കരിങ്കല്ലിന്റെ ലഭ്യത കുറയുകയും, തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും, പാറയുടെ വില ക്രമാതീതമായി ഉയരാനിടയാവുകയും ചെയ്തു. കെട്ടിട നിർമ്മാണത്തിനാവശ്യമായ പാറ മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും ലഭ്യമാകുന്നുണ്ട്. നിർത്തലാക്കിയ 36 ക്വാറികളൊഴിച്ച് ബാക്കിയുള്ള 98 ക്വാറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

10-10-2011-ലെ സമിതി യോഗം മൈനിംഗ് & ജിയോളജി വകുപ്പിന്റെ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം,
2012 മേയ് 2.

**പി. കെ. കുഞ്ഞാലിക്കുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

അനുബന്ധം I

GOVERNMENT OF KERALA

**Abstract**

Industries Department—Kerala Small Industries Development Corporation Limited—Maintenance of internal roads & compound wall—Authorisation of Additional Expenditure—Release of 2 crore—Sanctioned—Orders issued

INDUSTRIES (F) DEPARTMENT

G. O. (Rt.) No. 1607/2010/IND. Dated, Thiruvananthapuram, 20th November 2010.

*Read*:—1. G.O. (Rt.) No. 1051/10/ID dated 21-7-2010.

2. Note No. IE/Genl/Fund/09, dated 20-8-2010 from Managing Director, SIDCO, Thiruvananthapuram.

3. G.O. (Rt.) 8177/10/Fin, dated 12-11-2010

ORDER

In the Budget Speech 2010-2011, it was announced that an amount of ₹ 5 crore would be provided for the maintenance of roads of Industrial Estates under the District Industries Centres and the Kerala Small Industries Development Corporation Limited (SIDCO). In the Supplementary Demands for Grants, July 2010, a provision of ₹ 2 crore has been made for the implementation of the project of maintenance of roads of Industrial Estates under District Industries Centres.

As per the first read Government Order, administrative sanction has been accorded for maintenance of roads of Industrial Estates under Kerala Small Industries Development Corporation Limited (SIDCO) at an estimated cost of ₹ 2,56,62,822 (Rupees Two crore Fifty six lakh sixty two thousand eight hundred and twenty-two only) being the 70% State share of the total project cost and on condition that tender excess will not be allowed by Government and it has to be met from SIDCO or from beneficiaries.

As per the second read note, the Managing Director, SIDCO requested Government to provide the fund to SIDCO in the supplementary demands for grants in order to commence the work of maintenance of Industrial estates immediately.

As per the third read Government Order, sanction has been accorded for the authorization of additional expenditure to the tune of ₹ 2 crore under the Head of Account 4851-00-102-93 (Plan) to meet the expenditure connected with maintenance of roads of Industrial Estates under SIDCO.

Government have examined the matter and are pleased to accord sanction for the release of ₹ 2,00,00,000 (Two crore only) for expenditure connected with maintenance of roads of Industrial Estates under SIDCO. The expenditure on this account will be debited to the Head of Account 4851 Capital Outlay on Village and Small Industries-102 Small Scale Industries-93 Maintenance of Industrial Estates under District Industries Centres and SIDCO (Plan-Voted).

The Director of Industries and Commerce/the Additional Director of Industries and Commerce is authorized to draw and disburse the amount of ₹ 2,00,00,000 (Two crore only) to SIDCO. SIDCO shall furnish utilization certificate to the Director of Industries for transmission to Government. The Director of Industries and Commerce shall also furnish proposal for re-appropriation/supplementary Demands for Grants for regularization of this, additional expenditure.

By order of the Governor,

T. BALAKRISHNAN
*Additional Chief Secretary to Government*

To

The Director of Industries and Commerce, Thiruvananthapuram.

The Managing Director, Kerala Small Industries Development Corporation Limited, Thiruvananthapuram.

The District Treasury Officer, Thiruvananthapuram.

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A& E) Kerala, Thiruvananthapuram.

The Finance Department (vide U. O. No. 80965/BW-G2/10/Fin. dated 15-11-2010).

Planning Department.

SF/OC.

*Copy to* : Industries (J) Department

അനുബന്ധം II

GOVERNMENT OF KERALA

Abstract

Industries Department—Maintenance of roads of Industrial Estates under District Industries Centres and SIDCO—Administrative sanction accorded—orders issued

INDUSTRIES (F) DEPARTMENT

G.O. (Rt.) No. 1051/2010/ID. *Dated, Thiruvananthapuram, 21st July 2010.*

*Read*:— 1. Letter No. ID2-8373/10 dated 18-6-2010 from the Director, Industries & Commerce, Thiruvananthapuram.

2. Decision of the Working Group Meeting held on 30-6-2010.

ORDER

The Director of Industries & Commerce vide his letter read above has forwarded a project proposal for maintenance of roads of Industrial Estates under SIDCO. The project cost is ₹ 3,66,61,175 (Rupees three crore sixty six lakh sixty one thousand one hundred and seventy five only) and requested administrative sanction for the implementation of the project by SIDCO at a state share 70% of the total cost of the project ₹ 2,56,62,822 (Rupees two crore fifty–six lakh sixty two thousand eight hundred and twenty two only) and the balance 30% will be the share of the beneficiaries.

2. During the current financial year (2010-2011) an amount of ₹ 5 crore has been announced in the Budget Speech to be provided for maintenance of roads of Industrial Estates under the District Industries Centres and SIDCO.

3. The Working Group Meeting held on 30-6-2010 has approved to accord administrative Sanction to the proposal for maintenance of roads of Industrial Estates under SIDCO at an estimated cost of ₹ 2,56,62,822 (Rupees two crore fifty six lakh sixty two thousand eight hundred and twenty two only) being the 70% State share of the total project cost and on condition that tender excess will not be allowed by Government and it has to be met from SIDCO or from beneficiaries.

4. In these circumstances, Government are pleased to accord administrative sanction to the proposal for maintenance of roads of Industrial Estates under

SIDCO at an estimated cost of ₹ 2,56,62,822 (Rupees two crore fifty six lakh sixty two thousand eight hundred and twenty two only) being the 70% State share of the total project cost and on condition that tender excess will not be allowed by Government and it has to be met from SIDCO or from beneficiaries.

By order of the Governor,

P. A. Esak,
*Additional Secretary to Government.*

To

The Director of Industries and Commerce, Thiruvananthapuram

The Managing Director, Kerala Small Industries Development Corporation Limited, Thiruvananthapuram.

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A& E), Kerala, Thiruvananthapuram.

Finance Department.

Planning & Economic Affairs Department.

Stock File/File Copy

*Copy to* : Industries (J) Department

## അനുബന്ധം III

### 2011 ജൂലൈ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV, 2011 ജൂലൈ 27-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ആരോഗ്യവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ്, ബഹു. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. സി. കൃഷ്ണൻ
5. ശ്രീ. സാജു പോൾ
6. ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ. അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. ബാലകൃഷ്ണൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായം
2. ശ്രീ. അൽകേഷ്കുമാർ ശർമ്മ, സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീമതി റാണി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, കയർ വകുപ്പ്
4. ശ്രീ. റ്റി. ഒ. സൂരജ്, ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്
5. ശ്രീ. സാം ജി. ഇട്ടിചെറിയ, ഡയറക്ടർ ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ്
6. ശ്രീ. എം. പി. രഞ്ജി, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
7. ശ്രീ. ജപബാലൻ ഒളിവർ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
8. ശ്രീ. ബി. സജി, മാനേജിംഗ് ഡയറക്ടർ, സിഡ്കോ

9. ശ്രീ. പി. ടി. സുരേന്ദ്രൻപിള്ള, ഡയറക്ടർ, ഖാദി ബോർഡ്
10. ശ്രീ. പി. ഡോൺബോസ്കോ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെൽപാം
11. ശ്രീമതി പി. എൻ. ഹേമ, മാനേജിംഗ് ഡയറക്ടർ, കാഡ്കോ
12. ശ്രീ. കെ. രാധാകൃഷ്ണപിള്ള, മാനേജിംഗ് ഡയറക്ടർ, എച്ച്.ഡി.സി.കെ. ലിമിറ്റഡ്
13. ശ്രീ. എൻ. വിമലൻ, മാനേജിംഗ് ഡയറക്ടർ, കെ.ഇ.എം.ഡി.ഇ.എൽ
14. ശ്രീ. കെ. ആർ. അനിൽ, ഡയറക്ടർ, എൻ.സി.ആർ.എം.ഐ.
15. ശ്രീ. ഐ. ബി. സുനിൽ, ജനറൽ മാനേജർ (മാർക്കറ്റിംഗ്), സെറിഫെഡ്.
16. ശ്രീ. എൽ. എസ്. പത്മകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
17. ശ്രീ. യു. സുബാഷ്, സീനിയൽ ഫിനാൻസ് ഓഫീസർ, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ്
18. ശ്രീ. വി. വിജയകുമാർ, മാനേജർ, എച്ച്.ഡി.സി.കെ. ലിമിറ്റഡ്
19. ശ്രീ. ജോബി ജോർജ്ജ്, ഫിനാൻസ് മാനേജർ, കെ.എസ്.ബി.സി.

സമിതി 2011-2012 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന "വ്യവസായങ്ങൾ" സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXXVII—ന്റെ പരിധിയിൽ വരുന്ന കണക്കിനങ്ങൾ പരിശോധിക്കുകയും ശുപാർശകൾ നടത്തുകയും ചെയ്തു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ബഡ്ജറ്റ് വിഹിതത്തെ കുറിച്ചും പദ്ധതികളെക്കുറിച്ചും സമിതി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശുപാർശകൾ നടത്തുകയും ചെയ്തു.

വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉദ്യമ കർത്താക്കൾക്ക് വിത്തു മൂലധനത്തിന് വായ്പകൾ

2010-11 വർഷത്തിൽ ഏകദേശം 3 കോടി രൂപയ്ക്കുള്ള അപേക്ഷകൾ കെട്ടികിടപ്പുണ്ട്. പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ ധനസഹായം നൽകുന്നതും ഈ ഹെഡിൽ നിന്നാണ്. 2011-12 സാമ്പത്തിക വർഷത്തിൽ ഏറ്റവും കുറഞ്ഞത് 10 കോടി രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ നിലവിലുള്ള അപേക്ഷകർക്കും ഈ വർഷം പ്രതീക്ഷിക്കുന്ന പുതിയ അപേക്ഷകർക്കും സഹായം നല്കുവാൻ കഴിയൂ. ആയതിനാൽ ടി ഹെഡിൽ 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പുതിയ വ്യവസായ എസ്റ്റേറ്റുകളുടെ സ്ഥലമെടുപ്പ്

നിലവിലുള്ള ഡവലപ്മെന്റ് പ്ലോട്ടുകളിലെ ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കുക, മറ്റ് പൊതു സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഭൂമി വികസനത്തിനായി 2011-12 വർഷം 4 കോടി രൂപ ആവശ്യമായിരുന്നെങ്കിലും 85 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 3 കോടി 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

നിക്ഷേപങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന സബ്സിഡി

സംസ്ഥാന ജില്ലാതല കമ്മിറ്റിയിൽ പാസാക്കി വച്ചിരിക്കുന്ന അപേക്ഷകൾക്ക് നിക്ഷേപ സബ്സിഡി നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ ഏകദേശം 5 കോടി രൂപ കൂടുതലായി വേണ്ടിവരും. പുതിയ അപേക്ഷകൾ കൂടി കണക്കിലെടുക്കുമ്പോൾ 9 കോടി രൂപ അപര്യാപ്തമാണ്. കൂടാതെ അഭ്യസ്ഥവിദ്യരായ യുവസംരംഭകർക്ക് പുതിയ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും CGTMSE പദ്ധതിപ്രകാരം ഈടുരഹിത വായ്പ ലഭ്യമാക്കുന്നതിനായി സംരംഭകർ അടയ്ക്കുന്ന ഒറ്റത്തവണ ഗ്യാരന്റി ഫീസും വാർഷിക സേവനഫീസും റീ ഇംബേഴ്സ് ചെയ്യുന്ന പദ്ധതിയും പുതുതായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിനാൽ ടി ഹെഡിൽ 8 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സമഗ്ര വ്യവസായ പരിപാടി

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മാനകീകരണത്തിലൂടെ മെച്ചപ്പെടുത്തുന്നതിനായി വ്യവസായ സംരംഭങ്ങളുടെ വികസനം, സംരംഭകർക്കുള്ള സഹായ പരിപാടി, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതവർദ്ധിപ്പിക്കൽ, താലൂക്ക് വ്യവസായ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 4 കോടി രൂപ ആവശ്യമായിരുന്നുവെങ്കിലും 2 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 2 കോടി രൂപ കൂടി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കൃഷിയും ഭക്ഷ്യസംസ്ക്കരണവും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ

തെരഞ്ഞെടുക്കപ്പെട്ട കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾക്ക് 5% ടേൺ ഓവർ സബ്സിഡി നൽകുന്നത് കൂടി ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുക അപര്യാപ്തമാണെന്നും 1.5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

ചെറുകിട വ്യവസായ സംഘങ്ങളുടെ വികസന പദ്ധതി (20% സംസ്ഥാന വിഹിതം)

കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള അപേക്ഷകൾക്കും പുതുതായി പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും സംസ്ഥാന വിഹിതം അനുവദിക്കാൻ 2.5 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ട്. ആയതിനാൽ 2.5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മുന്തിയ വ്യവസായ എസ്റ്റേറ്റ് നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യവികസനം

കഞ്ചിക്കോട്, ഷൊർണ്ണൂർ, കോട്ടയ്ക്കൽ എന്നിവിടങ്ങളിലെ 3 പ്രൊപ്പോസലുകൾക്കായി 19 കോടി രൂപ ആവശ്യമുണ്ടെങ്കിലും 15 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 4 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സെൻസസ് ന്യൂക്ലിയസ് സെൽ (കേന്ദ്രാവിഷ്കൃതം 100%)

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ സെൻസസ് ന്യൂക്ലിയസ് സെല്ലിനുവേണ്ടി അനുവദിച്ചിരിക്കുന്ന 60 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ ശമ്പളം നൽകുന്നതിനും 20 ലക്ഷം രൂപ മറ്റു ചെലവുകൾക്കായും ഉള്ളതാണ്. എന്നാൽ സർവ്വെയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്തയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇതിനായി മറ്റു ചെലവുകൾക്കനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കാൻ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് സമിതി കൈത്തറി, യന്ത്രത്തറി വ്യവസായത്തെക്കുറിച്ച് ചർച്ച ചെയ്തു.

ഹാന്റ്‌ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തിയാക്കാൻ കാലതാമസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി വകുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. പവർലൂം സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങളെക്കുറിച്ച് സമിതിയിൽ ചർച്ച ചെയ്യുകയുണ്ടായി. പവർലൂമിൽ തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടാണെന്നതാണ് പ്രധാന കാരണമെന്ന് ഹാന്റ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കേരളത്തിലെ പവർലൂം സൊസൈറ്റികളെല്ലാം വലിയ സാമ്പത്തിക നഷ്ടത്തിലും പരാജയത്തിലുമാണെന്ന് വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. അതുകൊണ്ട് പവർലൂം സംസ്ഥാനത്ത് കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ടോയെന്നുള്ള ചോദ്യം ഉയരുന്നുണ്ടെന്നും അതേസമയം ഹാന്റ്‌ലൂമിന് നല്ല മാർക്കറ്റുള്ളതിനാൽ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും നല്ലതെന്നും അദ്ദേഹം അറിയിച്ചു. നിലവിലുള്ള സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കൈത്തറി വ്യവസായത്തെ സംബന്ധിച്ച് താഴെപ്പറയുന്ന ശുപാർശകൾ സമിതി നടത്തി.

സംയോജിത കൈത്തറി വികസന പദ്ധതി

300 മുതൽ 500 വരെ കൈത്തറികൾ ഉള്ള ക്ലസ്റ്ററുകൾ ഈ പദ്ധതി പ്രകാരം ധനസഹായത്തിനർഹമാണ്. സംസ്ഥാനത്ത് ധനസഹായം നൽകാവുന്ന 24 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ക്ലസ്റ്ററുകൾക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി 1-ാം ഗഡു വിതരണം ചെയ്തു. 9 ക്ലസ്റ്ററുകൾക്ക് രണ്ടാം ഗഡുവായി 144.17 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ 44.17 ലക്ഷം രൂപ കൂടി അധികമായി കേന്ദ്രവിഹിതം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി

സേലം ഐ.ഐ.എച്ച്.റ്റി.ക്ക് സമാനമായ രീതിയിൽ ഭാരത സർക്കാരിന്റെ സഹായത്തോടെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2 കോടി 46 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കൈത്തറിത്തുണികൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക റിബേറ്റ് (100% കേന്ദ്ര സഹായം)

കേന്ദ്ര റിബേറ്റ് 2,26,49,887 രൂപ അനുവദിച്ചിട്ടുണ്ട്. ടി ഹെഡിൽ 2,26,49,887 രൂപയും കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കയർ വ്യവസായത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ ഇന്റർനാഷണൽ ട്രേഡ് ഫെയർ വഴി കഴിഞ്ഞ വർഷത്തെ ടേൺഓവർ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇത് ആനുവൽ ഇവന്റായി നടത്തുകയാണെങ്കിൽ ഇന്റർനാഷണൽ എക്സിബിഷനായി മാറ്റാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ സംസ്ഥാനത്ത് ചകിരി ലഭിക്കാൻ വലിയ ബുദ്ധിമുട്ടായതിനാൽ തമിഴ്നാട്ടിൽ നിന്നാണ് ഇപ്പോൾ അവ വാങ്ങുന്നതെന്നും സംസ്ഥാനത്ത് തൊണ്ട് സംഭരിച്ചാൽ കയർ സംഘങ്ങൾ നിലനിർത്തികൊണ്ടുപോകാനും ഉത്പാദനം വർദ്ധിപ്പിക്കാനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. കയർവ്യവസായത്തെ സംബന്ധിച്ച് താഴെപ്പറയുന്ന ശുപാർശകൾ സമിതി നടത്തി.

വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും

കയറിന്റെ ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തുന്നതിനായി അന്താരാഷ്ട്രമേളയായ കയർ കേരള സംഘടിപ്പിക്കേണ്ടതും മറ്റ് പരസ്യ പ്രചരണങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ടി ആവശ്യങ്ങൾക്കായി അനുവദിച്ച തുക കുറവായതിനാൽ ടി ഹെഡിൽ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ക്ഷേമനടപടികൾ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ ഇവ നടപ്പിലാക്കുന്നത് ഈ ഫണ്ടിൽ നിന്നാണ്. കൂടാതെ കയർ തൊഴിലാളി പെൻഷൻ ഈ വർഷത്തെ ബഡ്ജറ്റിൽ 300 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കയർ മേഖലയിൽ ഗവേഷണവും വികസനവും

പദ്ധതിപ്രകാരം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI)-ന്റെ ഭരണപരമായ ചെലവുകൾ, ശമ്പളം, അലവൻസുകൾ എന്നിവയ്ക്കായി ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ പരാമവധി 50% നൽകുന്നത് ഒറ്റത്തവണ മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിബന്ധന ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്തു. ഡീഫൈബറിംഗ് മില്ലുകൾക്ക് വൈദ്യുതി ചാർജ്ജിന്റെ 50% റീഇംബേഴ്സ് ചെയ്ത് നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

## കയർ തൊഴിലാളികൾക്കുള്ള സഹായധനം

കയർപിരി സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് നൽകുന്നതിനും ഈ തുക വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ budget writeup മാറ്റണമെന്നും 1 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സ്വദേശ വിദേശ ഉപഭോക്താക്കളെ ആകർഷിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിലേക്ക് ഒരു കയർഗ്രാമം രൂപീകരിക്കുന്നതിനായി 50 ലക്ഷം രൂപ പ്രത്യേക ശീർഷകംവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## വില വ്യതിയാനനിധി

കയർ മേഖലയിൽ ചകിരിക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് വാങ്ങി നൽകുന്ന ചകിരിക്ക് കൊടുക്കുന്ന സബ്സിഡിയും ഉൽപ്പന്ന മേഖലയിൽ കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിക്ക് നൽകുന്ന ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് എന്ന പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി ഹെഡിൽ 20 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സമിതി ഖാദി വ്യവസായത്തെക്കുറിച്ച് ചർച്ച ചെയ്തു. സർക്കാരിന്റെ ഗ്രാന്റ് കൊണ്ടാണ് ഖാദിബോർഡ് പ്രവർത്തിക്കുന്നതെന്നും പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും കൂടുതൽ തുക അനുവദിക്കണമെന്നും, ഖാദി ബോർഡ് ഡയറക്ടർ സമിതിയെ അറിയിച്ചു. അസംസ്കൃത വസ്തുവായ പഞ്ഞി വില കുറയുന്ന സമയത്ത് വാങ്ങി ശേഖരിക്കാൻ ബോർഡിന് നിലവിൽ സാഹചര്യമില്ലാത്തതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നും ഇതിനായി ആവശ്യമുളള തുക അനുവദിച്ചാൽ മാത്രമേ ഈ മേഖലയിൽ ഒരു ഉണർവ്വുണ്ടാക്കിയെടുക്കാൻ സാധിക്കുകയുളളൂവെന്നും നിലവിൽ സെറിഫെഡിന്റെ രണ്ട് യൂണിറ്റുകൾ കൂടി ഖാദി ബോർഡിന് നൽകിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു. തുടർന്ന് സമിതി ഖാദിവ്യവസായത്തെ സംബന്ധിച്ച് താഴെപ്പറയുന്ന ശുപാർശകൾ നടത്തി:

## കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്-ഭരണപരമായ ചെലവുകൾ-സഹായധനം

ഖാദി വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ വർക്ക്ഷെഡ് നിർമ്മാണം, കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവത്ക്കരണവും നവീകരണവും, ഖാദി വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, വാർത്താവിതരണവും പ്രചരണവും പരിശീലനവും, ഖാദി ബോർഡിന്റെ കമ്പ്യൂട്ടർ

വൽക്കരണം, തേനീച്ച വളർത്തൽ, വ്യവസായ വികസനം, സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉൽപ്പാദന പ്രോത്സാഹനം, നെയ്ത്ത്മേഖല ശക്തിപ്പെടുത്തലും, ഖാദി വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനം ശക്തിപ്പെടുത്തലും, എന്നീ പദ്ധതികൾക്കാണ് ആകെ 5 കോടി 88 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഇത് ബോർഡിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലാ ത്തതിനാൽ ഓരോന്നിനും താഴെപ്പറയും പ്രകാരം തുകകൾ വർദ്ധിപ്പിച്ചു നൽകുന്ന തിന് ശുപാർശ ചെയ്തു :

ഖാദി വകുപ്പിലെ ഉൽപ്പാദനകേന്ദ്രങ്ങളുടെ വർക്ക്ഷെഡ് നിർമ്മാണം

വർക്ക്ഷെഡുകൾ, ബോയിലിംഗ് ഷെഡുകൾ, ഡൈയിംഗ് യൂണിറ്റുകൾ, വാർപ്പ് യൂണിറ്റുകൾ എന്നിവ നിർമ്മിക്കേണ്ട ആവശ്യങ്ങൾക്കായി 1 കോടി 30 ലക്ഷം രൂപ യുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 75 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 55 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലീവർ പ്രോജക്ടിന്റെ ആധുനികവത്ക്കരണവും നവീകരണവും

ഉൽപ്പാദനകേന്ദ്രങ്ങളിലെ നൂൽനൂൽപ്പുകാർക്ക് ആവശ്യമായതും ഗുണ മേന്മയുളളതുമായ സ്ലീവർ നൽകുന്നതിനും അസംസ്കൃത പരുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി അസംസ്കൃത വസ്തുക്കളുടെ ശേഖരണം, യന്ത്രസാമഗ്രികൾ വാങ്ങൽ, സ്ലീവർ പദ്ധതിയുടെ നവീകരണം, വിപുലീകരണം തുടങ്ങിയ പ്രവർത്തന ങ്ങൾക്കായി കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള സ്ലീവർ പ്രോജക്ടിന്റെ നവീകരണമുൾപ്പെടെയുള്ള ചെലവുകൾക്കായി 3 കോടി രൂപയുടെ പദ്ധതി സമർപ്പി ച്ചിരുന്നുവെങ്കിലും 1 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 2 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഖാദി വകുപ്പിലെ ഉൽപ്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം

ഖാദി വകുപ്പിന്റെ ഉത്പാദന യൂണിറ്റുകളിലെ നെയ്ത്ത് യൂണിറ്റുകളും സ്പിന്നിംഗ് യൂണിറ്റുകളും പുനരുദ്ധരിക്കൽ, ചർക്കകളും തറികളും നന്നാക്കൽ, പുതിയ തറികളും ചർക്കകളും സ്ഥാപിക്കൽ, സ്പെയർ പാർട്ട്സുകൾ വാങ്ങൽ എന്നിവയും ഉത്പാദന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കു ന്നതിനുമായി 4 കോടി 20 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 90 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 3 കോടി 30 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

വാർത്താവിതരണവും പ്രചരണവും പരിശീലനവും

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതു അവബോധം സൃഷ്ടിക്കുന്നതിന് ബ്രാൻഡ് മാർക്കറ്റിംഗ്, ദേശീയ പ്രാധാന്യമുള്ള അവസരങ്ങളിൽ പ്രത്യേക പരസ്യങ്ങൾ, പ്രസ്സ് പബ്ലിസിറ്റി, പ്രസ്സ് കോൺഫറൻസ്, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ തുടങ്ങിയവ

മുഖേന പരസ്യങ്ങൾ നൽകുന്നതിനും, പ്രദർശനങ്ങൾ, മേളകൾ എന്നിവ സംഘടിപ്പി ക്കുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുമായി 50 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് വകയിരുത്തി യിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 45 ലക്ഷം രൂപ കൂടി വകയിരു ത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം

ഖാദി ബോർഡിന്റേയും ജില്ലാ ഓഫീസുകളുടേയും കമ്പ്യൂട്ടറൈസേഷൻ പ്രക്രിയ പൂർത്തീകരിക്കുന്നതിനും സ്റ്റാഫിന്റെ കമ്പ്യൂട്ടർ പരിശീലനത്തിനും 20 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് വകയിരു ത്തിയിരിക്കുന്നത്. ഈയിനത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവ ദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തേനീച്ച വളർത്തൽ വ്യവസായ വികസനം

ഗുണനിലവാരമുള്ള തേൻ കൂടുതൽ അളവിൽ സംസ്ക്കരിക്കുന്നതിന് തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനത്തിനും തേനീച്ച വളർത്തലിന് പ്രേരണ നൽകു ന്നതിനും പുതിയ തേൻ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 15 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപയാണ് വകയിരുത്തിയി രിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 5 ലക്ഷം രൂപ വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

സിൽക്ക് ഉത്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുകാർക്കും നൂൽനൂൽപ്പു കാർക്കും ഉല്പാദന പ്രോത്സാഹനവും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും

സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ നൽകുന്ന തിനും തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും സിൽക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും 6 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചി രുന്നുവെങ്കിലും 2 കോടി 73 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 3 കോടി 27 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും

കൈ-കടലാസ് നിർമ്മാണ യൂണിറ്റുകളുടെ നവീകരണം, തേൻ സംസ്ക്കരണ യൂണിറ്റുകളുടെ ശക്തിപ്പെടുത്തൽ, ഓയിൽ യൂണിറ്റുകളുടെ വിപുലീകരണവും സ്ഥാപിക്കലും, മെത്ത/കിടക്ക നിർമ്മാണ യൂണിറ്റും റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റും സ്ഥാപിക്കുന്നതിനും റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റിൽ തൊഴിലാളി കൾക്ക് ആധുനിക സാങ്കേതികവിദ്യാപരിശീലനം നൽകുന്നതിനും ചാരിറ്റബിൾ സ്ഥാപനങ്ങൾക്കും പീഡിതവും പ്രവർത്തനരഹിതവുമായ ഗ്രാമവ്യവസായ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ് നൽകുന്നതിനുമായി 2 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 20 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയി രിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 1 കോടി 75 ലക്ഷം രൂപ കൂടി വകയി രുത്തുവാൻ സമിതി ശുപാർശ ചെയ്തു.

ഖാദി ബോർഡിന്റെ ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ തിരുവനന്തപുരത്തുള്ള ആസ്ഥാന മന്ദിരത്തിന് പുറമെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട (ഇലന്തൂർ), എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിൽ സ്വന്തമായി ഓഫീസ് കെട്ടിടങ്ങൾ ഉണ്ട്. എറണാകുളത്ത് ഒഴികെയുള്ള ഓഫീസ് കെട്ടിടങ്ങളിൽ വിൽപ്പന കേന്ദ്രങ്ങൾ കൂടി പ്രവർത്തിച്ചു വരുന്നു. ഓഫീസ് കെട്ടിട ങ്ങളുടെ അറ്റകുറ്റപണികൾ വൈദ്യുതീകരണം, മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 1 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പനകേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ഖാദി വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കൽ, പുതിയ വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും നവീകരണം നടത്തൽ, സംഭരണശാലകളുടെ കമ്പ്യൂട്ടർവൽക്കരണവും നവീകരണവും എന്നിവയ്ക്കായി 1 കോടി 30 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 80 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

പ്രോജക്ട് ചെലവിന്റെ കുറഞ്ഞ പരിധി 10,000 രൂപയും കൂടിയ പരിധി 50,000 രൂപയും ആയി നിശ്ചയിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനും പ്രോജക്ട് ചെലവിന്റെ 30 ശതമാനം തുക കേരള സർക്കാർ മാർജിൻ മണിയായും ശേഷിക്കുന്ന 70 ശതമാനം തുക ഗുണ ഭോക്തൃ വിഹിതവും ബാങ്ക് വായ്പയുമായി രണ്ട് പേർക്ക് വീതം ഓരോ യൂണിറ്റും തൊഴിൽ നൽകുന്നതിനായി ആവിഷ്ക്കരിച്ച ഈ പദ്ധതി പ്രകാരം പരമ്പരാഗത വ്യവസായ യൂണിറ്റുകൾക്ക് ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖേന സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവ നൽകുന്നതിനായി 6 കോടി 45 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി 10 ലക്ഷം രൂപ യാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 5 കോടി 35 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

ഖാദി ആർട്ടിസാൻസിനു ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യൽ

ഖാദി തൊഴിലാളികൾക്ക് തൊഴിൽ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള ഖാദി വകുപ്പുതല കേന്ദ്രങ്ങൾക്ക് മേശകളും സ്റ്റൂളുകളും നൽകുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ആയതിനാൽ ബാക്കി തുകയായ 40 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## സെറിഫെഡിലെ പട്ടുനൂൽ റീലിംഗ് യൂണിറ്റുകളുടെ കാര്യാന്വേഷണം

കാസർഗോഡ് ഉദുമയിലേയും ആലപ്പുഴയിലെ പട്ടണക്കാട്ടുമുള്ള സെറിഫെഡിന്റെ നിലവിലുള്ള രണ്ട് റീലിംഗ് യൂണിറ്റുകൾ ഖാദി ബോർഡിന് കൈമാറുകയുണ്ടായി. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ലേലത്തിൽ പങ്കുകൊള്ളൽ, തുറന്ന വിപണിയിൽ നിന്നുള്ള കൊക്കൂൺ സംസ്ക്കരണം തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ 1 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ 50 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്തു.

## ഭരണപരമായ പദ്ധതിയിതര ചെലവുകൾ

ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി 10.42 കോടി രൂപയും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ ഏകദേശം ¼ ആയ 6 കോടി രൂപയും ഖാദി ചില്ലറ വില്പനയ്ക്ക് നിലവിലെ 10% റിബേറ്റിനു പുറമേ ഉത്സവകാലങ്ങളിൽ 108 ദിവസം 10% അധികറിബേറ്റിനത്തിൽ 6 കോടി രൂപയും കൂടി ചേർത്ത് ആകെ 22.42 കോടി രൂപ കൂടി ടി ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് പാൽമിര പ്രോഡക്ട്സ് ഡെവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫയർ കോർപ്പറേഷൻ (കെൽപാം) നെ കുറിച്ച് നടന്ന ചർച്ചയിൽ പരമ്പരാഗത മേഖലയായതുകൊണ്ട് 24 വർഷമായി കെൽപാം വളരെ ചെറിയ രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നതെന്നും അതിൽനിന്നും വ്യത്യസ്തമായി ഈ വർഷം മുതൽ ജനറേറ്റഡ് ഫണ്ട് ഉണ്ടാക്കി ശമ്പളം കൊടുക്കുന്നതിനും അക്യുമുലേറ്റഡ് ലോസിൽ നിന്ന് പത്തുലക്ഷം രൂപ കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ടെന്നും പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ അനുവദിച്ചിരുന്ന 200 ലക്ഷം രൂപയിൽ ഇനി ലഭിക്കാനുള്ള 119 ലക്ഷം രൂപ അനുവദിച്ചുകിട്ടിയാൽ കുറെക്കൂടി നല്ലരീതിയിൽ കെൽപാമിനെ ഉയർത്തി അക്യുമുലേറ്റഡ് ലോസിൽ നിന്നും കരകയറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കെൽപാമിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മാനേജിംഗ് ഡയറക്ടർ സമിതി യോഗത്തിൽ വിശദീകരിക്കുകയുണ്ടായി. ഇപ്പോൾ ആറുതരം ശീതളപാനീയങ്ങളുണ്ടാക്കുന്നതു കൂടാതെ മൂന്നിനം സ്ക്വാഷുകൾ കൂടി ഉണ്ടാക്കുന്നുണ്ടെന്നും പ്രകൃതിദത്തവും മെഡിസിനൽ വാല്യൂ ഉളളതുമായ നൊങ്കിന്റെ വിൽപ്പനയ്ക്കായി തിരുവനന്തപുരം കോർപ്പറേഷനിൽ ഇപ്പോൾ പത്ത് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ പനന്തടി കൊണ്ട് ഫർണിച്ചർ ഉണ്ടാക്കുകയും പനനാര് സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുകയും കരുപ്പട്ടി, അക്കാനി മുതലായവ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ടെന്നും സമിതിയെ അറിയിച്ചു. തുടർന്ന് സമിതി താഴെപ്പറയുന്ന ശുപാർശകൾ നടത്തി :

## സമഗ്ര തൊഴിലാളിക്ഷേമ പദ്ധതി

2011-12 വർഷം ഏതാണ്ട് 2500 പേരെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകത്തക്കവിധം 10,000 പേരെ രജിസ്റ്റർ ചെയ്ത് അവരുടെ ഐഡന്റിറ്റി കാർഡ്

നൽകുവാൻ കെൽപാം ലക്ഷ്യമിട്ടിരിക്കുകയാണ്. കരിമ്പന മേഖലയിലെ എൺപത് ശതമാനത്തിലേറെ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായതിനാൽ വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് കെൽപാം പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇവ നടപ്പിലാക്കുവാൻ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കരിമ്പനകൃഷി പ്രോത്സാഹനവും സാമൂഹ്യവനവത്ക്കരണവും

കരിമ്പന ഉൽപ്പന്നങ്ങൾ യഥേഷ്ടം ലഭ്യമാക്കുവാൻ കരിമ്പനകൃഷി സാമൂഹ്യവനവത്ക്കരണത്തിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ഏതാണ്ട് രണ്ട് ലക്ഷത്തോളം വിത്തുകൾ 2011-12 വർഷം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമുള്ള ഏജൻസികൾക്കും സൊസൈറ്റികൾക്കും വ്യക്തികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്കായി 58 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കരിമ്പന ഗവേഷണ കേന്ദ്രം

ഒരു കരിമ്പന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 25 കോടി രൂപ മുതൽമുടക്ക് വേണ്ടി വരും. ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്നും ഈ കേന്ദ്രത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതാണ്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അതിന്റെ മേൽ നടപടികൾക്കും ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. വിവിധ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

അത്യാധുനിക ശീതള പാനീയ യൂണിറ്റ് സ്ഥാപിക്കൽ

കരിമ്പന മേഖലയിലെ ഉത്പന്നങ്ങളുടെ വികസനം ലക്ഷ്യമാക്കി പനം പഞ്ചസാര പ്രധാന ചേരുവയിൽ നിർമ്മിക്കുന്ന വിപുലീകരിച്ച അത്യാധുനിക ശീതള പാനീയ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 8 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പനയോല കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പരിശീലനവും

കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുവാനും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപന നടത്തുവാനും കെൽപാം ലക്ഷ്യമിടുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ഒരു പനയോല ഗോഡൗൺ കൊറ്റാമത്ത് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്. ഇവയ്ക്കെല്ലാം കൂടി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കുറഞ്ഞ പലിശനിരക്കിലുള്ള എൻ.ബി.സി.എഫ്.ഡി.സി.യുടെ വായ്പാ പദ്ധതി

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിലും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എൻ.ബി.സി.എഫ്.ഡി.സി.യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉത്പന്ന വികസനവും വ്യാപനവും

കരിമ്പന ഉത്പന്നങ്ങളുടെ ഔഷധ മൂല്യവും ആരോഗ്യത്തിനാവശ്യമായ മൂലകങ്ങളും കണക്കിലെടുത്ത് വിവിധ ഉല്പന്നങ്ങളായ അക്കാനി, പനംനൊങ്ക്, പാം സിറപ്പ്, കഫ് സിറപ്പ് മുതലായ ഉല്പന്നങ്ങൾ ആധുനിക യന്ത്രവത്കൃത രീതിയിൽ സംസ്ക്കരിച്ച് വിപണനം നടത്തുന്നതിന് പുതിയ ഫാക്ടറിയും യന്ത്രസാമഗ്രികളും വാങ്ങുന്നതിനും വിപുലമായ ലബോറട്ടറി സ്ഥാപിക്കുന്നതിനും 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷനെക്കുറിച്ച് നടന്ന ചർച്ചയിൽ കേരളത്തിലാകെ ബാംബു കോർപ്പറേഷന്റെ 85 ഡിപ്പോകളും കൂടാതെ 13 മെക്കനൈസ്ഡ് കമ്മ്യൂണിറ്റി മാറ്റിംഗ് സെന്ററും തുടങ്ങിയിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈറ്റ കീറി അളി ആക്കുന്ന പ്രവൃത്തി മെക്കനൈസ് ചെയ്തതിന്റെ ഫലമായി കൂടുതൽ പ്രൊഡക്ടിവിറ്റിയും തൊഴിലാളികൾക്ക് കൂടുതൽ വേതനവും കിട്ടുന്നുണ്ടെന്നും ഇവിടെ ജോലി ചെയ്യുന്നവർക്ക് സ്ഥിരജീവനക്കാർ എന്ന നിലയിലുളള എല്ലാ ആനുകൂല്യങ്ങളും നല്കുന്നുണ്ടെന്നും ഇതൊക്കെ കോർപ്പറേഷന്റെ ഫണ്ടിൽ നിന്നാണ് കൊടുക്കുന്നതെന്നും ഇപ്പോൾ നല്ലളത്ത് ഒരു ഫ്ളോറിംഗ് ടൈൽ ഫാക്ടറി തുടങ്ങിയതിന്റെ ഉൽപ്പന്നം ഓണത്തിന് മാർക്കറ്റിൽ എത്തുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു. ബാംബു കോർപ്പറേഷന് താഴെപ്പറയും പ്രകാരം സമിതി ശുപാർശ ചെയ്തു.

മുള വ്യവസായ വികസനം

ബാംബൂ കോർപ്പറേഷന്റെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സിഡ്കോയുടെ കീഴിൽ നിലവിൽ 53 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടെന്നും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും സിഡ്കോയുടെ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനായി ഒരു പൊതുവായ ബ്രാൻഡ് നെയിം വേണമെന്നും അതിനായി പ്രൊപ്പോസൽ ഉണ്ടെന്നും ഏകദേശം 200 ഓളം പുതിയ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വെളിപ്പെടുത്തി.

സിഡ്കോയ്ക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കീഴിൽ വരുന്ന വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണി

വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 2010-11-ൽ 2 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുകയും 30% വ്യവസായികളുടെ വിഹിതവും ചേർത്ത് 2.60 കോടി രൂപ 2010-11-ൽ ചെലവഴിക്കുകയുണ്ടായി. ടി തുക അപര്യാപ്തമായതിനാൽ മേൽപ്പറഞ്ഞ പണികൾ പൂർത്തീകരിക്കാനായി 5 കോടി രൂപ ടി ഹെഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 12.45 മണിക്ക് യോഗം പിരിഞ്ഞു.

## അനുബന്ധം IV

## 2011 ആഗസ്റ്റ് 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV 2011 ആഗസ്റ്റ് മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. എളമരം കരീം
4. ശ്രീ. സി. കൃഷ്ണൻ
5. ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു, വൈ. അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ടി. ബാലകൃഷ്ണൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ഇൻഡസ്ട്രീസ് & കൊമേഴ്സ്
2. ശ്രീ. അൽകേഷ്കുമാർ ശർമ്മ, സെക്രട്ടറി, വ്യവസായം
3. ശ്രീ. എൽ. എസ്. പത്മകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ. ആർ. രാജേഷ്, , മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ്
5. ശ്രീ. എസ്. രാംനാഥ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
6. ശ്രീ. ജി. സി. ഗോപാലപിള്ള, ചെയർമാൻ, റിയാബ്
7. ശ്രീ. കെ. പത്മകുമാർ, സെക്രട്ടറി, റിയാബ്
8. ശ്രീ. പി. സുരേഷ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
9. ശ്രീ. പി. സായിദേവ്, സി.ഇ.ഒ. എസ്.സി.എൽ.
10. ശ്രീ. കെ. കുര്യൻ, ടെക്നിക്കൽ അഡ്വൈസർ, ഇൻഫോപാർക്ക്

11. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായവകുപ്പ്
12. ശ്രീ. സി. ബലരാമൻ, ഡയറക്ടർ ഓഫ് മൈനിംഗ് & ജിയോളജി (ഇൻ-ചാർജ്)
13. ശ്രീമതി സത്യഭാമ, അഡീഷണൽ ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
14. ശ്രീ. എം. എം. സലീം, സീനിയർ മാനേജർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
15. ശ്രീ. എസ്. സമ്പത്ത്, ചീഫ് മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
16. ശ്രീമതി എ. ദേവകീനന്ദനൻ, മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്
17. ശ്രീ. എ. ഷാജഹാൻ, ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ
18. ശ്രീ. എസ്. സോമനാഥൻപിള്ള, മാനേജിംഗ് ഡയറക്ടർ, ടി.ടി.പി & ടി.സി.എൽ
19. ശ്രീമതി എസ്. ശ്യാമള, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഡി.പി., ആലപ്പുഴ
20. കമാന്റർ കെ. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കെൽ
21. ഡോ. എസ്. ഷാനവാസ്, മാനേജിംഗ് ഡയറക്ടർ, സിൽക്ക്
22. ശ്രീ. എ. ബാലകൃഷ്ണൻ, ജനറൽ മാനേജർ, കെ.സി.സി.പി.എൽ.
23. ശ്രീ. സി. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
24. ശ്രീ. ഫെബി വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഇ.
25. ശ്രീ. എം. ഗണേഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ
26. ശ്രീ. വി. ഷാജി, സി.എം., കെ.എസ്.സി.ഡി.സി. ലിമിറ്റഡ്
27. ശ്രീ. സി. ആർ. രമേഷ്, ജനറൽ മാനേജർ, സി.സി.എസ്.എം., കണ്ണൂർ
28. ശ്രീ. പി.എസ്. രാജീവ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ടെക്സ്ഫെഡ്
29. ശ്രീ. ഡി. ജയകൃഷ്ണൻ നായർ, ജി.എം., എം.സി.എസ്.എം.
30. ശ്രീ. വി. മുരളീധരൻ നായർ, മാനേജിംഗ് ഡയറക്ടർ, റ്റി.സി.സി.എൽ.
31. ശ്രീ. ആർ. ജയചന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്
32. ശ്രീ. ബിനു. എ. പാഴൂർ, സി.ഇ.ഒ., ടെക്നോപാർക്ക്
33. ശ്രീ. കെ. രാധാകൃഷ്ണൻ, ഡയറക്ടർ, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്
34. ശ്രീ. എൻ. രാമനാഥൻ, എ.ജി.എം., കെ.എസ്.ഐ.ഡി.സി.

35. ശ്രീ. എ. പ്രഭകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്

36. ശ്രീ. ബി. അരുൾസെൽവൻ, മാനേജിംഗ് ഡയറക്ടർ, ഹാൻവീവ്

37. ഡോ. എലിസബത്ത് ഷെർലി, ഡയറക്ടർ, ഐ.ഐ.ഐ.ടി.എം.-കെ.

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുളള വിഹിതത്തെക്കുറിച്ച് ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശുപാർശകൾ നടത്തുകയും ചെയ്തു :

പൊതുമേഖലയുടെ എല്ലാ പ്രവർത്തനങ്ങളും റിയാബ്വഴിയാണ് നടത്തുന്ന തെന്നും ഇന്റേണൽ ഓഡിറ്റ്, മോണിറ്ററിംഗ്, ട്രെയിനിംഗ്, ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് എന്നിങ്ങനെ കൂടുതൽ ജോലികൾ റിയാബിനെ ഏൽപ്പിച്ചിരിക്കുന്നതി നാൽ റിയാബിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി.

പൊതുമേഖലയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി റിയാബിന് പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപയും ചേർത്ത് ആകെ 1 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനികൾ ആവശ്യപ്പെട്ടിട്ടുളള വിവിധ പദ്ധതികൾക്കും പൊതുമേഖലാ സ്ഥാപനങ്ങളിൽ Capital upgradation ഉൾപ്പെടെയുളള പുനരുദ്ധാരണപ്രവർത്തന ങ്ങൾക്കും 90.05 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇപ്പോൾ വളരെ പഴക്കംചെന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ക്ലേ ഉൽപ്പാദി പ്പിക്കുന്നതെന്നും ഇത് നവീകരിക്കേണ്ടതാണെന്നും കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് ജനറൽ മാനേജർ അറിയിച്ചു. ഭാവിയിലെ പ്രവർത്തന ങ്ങൾക്കായി കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായിവരുമെന്നും അതിനായി ശ്രമി ക്കുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കെ.സി.സി.പി.യുടെ വിപുലീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടി 11 കോടി രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കമ്പനിയുടെ കൈവശമുള്ള ധനശേഖരം ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായതുകൊണ്ട് കമ്പനിയുടെ വിപുലീകരണത്തിനുവേണ്ടി 10 കോടി രൂപ സർക്കാരിന്റെ ഗ്രാന്റായി വകയിരുത്തുകയോ വ്യവസായ വകുപ്പിന് നീക്കിവച്ച തുകയിൽ നിന്ന് അനുവദി ക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നേരിടുന്ന പ്രതികൂല സാഹചര്യം അതിജീവിക്കുന്നതിനായി ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രോജക്ടു കളായ ബി.എസ്. 3 ഗുണനിലവാരത്തോടുകൂടിയ ഫുൾബോഡിയിൽ തീർത്ത റിയർ എൻജിൻ ഡീസൽ ആട്ടോറിക്ഷയുടെ പ്രോജക്ട്, പെട്രോൾ/ഗ്യാസ് എൻജിനും ഡീസൽ എൻജിനും ഘടിപ്പിക്കാൻ കഴിയുന്ന പൊതുവായ ഒരു Chassis നിർമ്മി ക്കുന്നതിനായുള്ള പ്രോജക്ട് എന്നിവ അംഗീകരിച്ച് ആയതിലേക്കായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

റ്റി.എം.റ്റി. റോളിംഗ് മില്ലിനും ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും വളരെ അത്യാവശ്യമായിട്ടുള്ള മെയിന്റനൻസിനും കൂടി സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന് 21,50,50,000 രൂപ (ഇരുപത്തി ഒന്നു കോടി അൻപത് ലക്ഷത്തി അൻപതിനായിരം രൂപ) സർക്കാർ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്**

1-3-2011-ലെ G.O.(Ms)No. 67/2011/ID എന്ന വിജ്ഞാപന പ്രകാരം ആസിഡ് റിക്കവറി പ്ലാന്റ് ഉപേക്ഷിക്കുമ്പോൾ വരുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ നൽകുമെന്ന് വ്യക്തമാക്കിയിരുന്നു. ആയതിനാൽ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം 38 കോടി രൂപ രാസ വ്യവസായത്തിനും ഔഷധ വ്യവസായങ്ങൾക്കുമുള്ള മൂലധന സഹായം 4857 എന്ന ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ടെക്സ്റ്റൈൽ വ്യവസായം സംബന്ധിച്ച ചർച്ചയിൽ സംസ്ഥാനത്ത് ഇപ്പോൾ ടെക്സ്റ്റൈൽ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധി തരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു. മുൻവർഷം ഫെബ്രുവരി മുതൽ യാണിന്റെ വില കുറഞ്ഞെങ്കിലും അതനുസരിച്ച് കോട്ടണിന്റെ വില കുറഞ്ഞിട്ടില്ല. ഗവൺമെന്റ് സ്ഥാപനങ്ങളാണ് ഈ രംഗത്ത് കൂടുതലുള്ളത്. ആധുനിക ടെക്നോളജി ഉപയോഗിക്കുന്ന ചില കമ്പനികൾ മാത്രമാണ് നിലനിൽക്കുന്നത്. ഗവൺമെന്റ് ആവശ്യമായ സഹായം നൽകിയാൽ മാത്രമേ ടെക്സ്റ്റൈൽ മേഖലയ്ക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ എന്ന് സമിതിയെ അറിയിക്കുകയുണ്ടായി. ടെക്സ്റ്റൈൽ മേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി കണക്കിലെടുത്ത് 14 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെക്കുറിച്ചുള്ള ചർച്ചയിൽ ലോവർ പെരിയാർ അണക്കെട്ടിൽ നിന്നും മണൽ നീക്കുന്നതിനുള്ള കരാർ ജോലി എത്രയും പെട്ടെന്ന് തുടങ്ങുന്നതിനുള്ള പ്രവർത്തന മൂലധനമായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കമ്പനിയുടെ അസംസ്കൃത വസ്തുവായ കക്കയുടെ ലഭ്യത കുറവുകാരണം കമ്പനി വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് കാലാകാലങ്ങളിൽ അടച്ചുതീർക്കേണ്ട പ്രീമിയം വൻ കുടിശ്ശിക ആയിരിക്കുകയാണ്. കുടിശ്ശിക ഭാഗികമായെങ്കിലും അടച്ചില്ലെങ്കിൽ ആ പദ്ധതിതന്നെ നിലച്ചുപോകുമെന്ന അവസ്ഥയിലാണ്. ദൈനംദിന പ്രവർത്തനത്തിനുതന്നെ പ്രയാസം നേരിടുന്ന കമ്പനിക്ക് ഈ ബാദ്ധ്യത ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുവാൻ അടിയന്തിരമായി ഒരു കോടി രൂപ ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

കക്ക കൊണ്ടുവരുന്നതിന് 150 ടൺ ശേഷിയുള്ള 2 സ്റ്റീൽ ബാർജുകൾ വാങ്ങേണ്ടത് അത്യാവശ്യമാണ്. ഇതുവഴി കക്ക കൊണ്ടുവരുന്നതിനുള്ള ചെലവും കുറയ്ക്കാനാകും. ഇതിനായി ഉദ്ദേശം 3 കോടി രൂപയുടെ സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു. ആദ്യ ചുവടെന്ന നിലയിൽ ഒരു സ്റ്റീൽ ബാർജ് വാങ്ങുന്നതിനുള്ള 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കിൻഫ്ര കണ്ണൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുടെ സെന്റർ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാനത്ത് കിൻഫ്രായുടെ ആഭിമുഖ്യത്തിൽ വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഒരു ലാന്റ് ബാങ്ക് ഉണ്ടാക്കുന്നതിനുവേണ്ട സാമ്പത്തികസഹായം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ നോഡൽ ഏജൻസിയായി കിൻഫ്രയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ ആവശ്യത്തിലേക്കായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയും അധികമായി ആവശ്യംവരുന്ന 55 കോടി രൂപയും കിൻഫ്രയ്ക്ക് ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അനധികൃത ഖനനവും കടത്തും തടയുന്നതിനും തിരുവനന്തപുരം, കൊല്ലം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ താലൂക്കുതല ഓഫീസുകൾ തുടങ്ങാൻ അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമത കൂട്ടുന്നതിനായി ആസ്ഥാനകാര്യാലയവും എല്ലാ ജില്ലാ ഓഫീസുകളും ആധുനികവൽക്കരിക്കണമെന്നും ധാതുപര്യവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ വാഹനങ്ങൾ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഖനിജത്തെക്കുറിച്ചും ഖനനംമൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും മറ്റ് പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ചും അവബോധം ഉണ്ടാക്കുന്നതിനായി ഒരു ജിയോളജിക്കൽ പാർക്കും മ്യൂസിയവും പരിശീലനകേന്ദ്രവും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ കുണ്ടറ യൂണിറ്റിലെ കാലപ്പഴക്കം ചെന്ന മെഷീനുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം ഉല്പാദന കുറവും വളരെയേറെ പ്രവർത്തന നഷ്ടവും സംഭവിക്കുന്നുണ്ട്. ഈ യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് കമ്പനിയുടെ ഒറ്റപ്പാലത്തെ ഫൗണ്ടറി യൂണിറ്റിന്റെ നവീകരണത്തിനുവേണ്ടി 2010-11 സാമ്പത്തിക വർഷം 5 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നു. അതിൽ ഒന്നാം ഘട്ടമായി അനുവദിച്ച 2 കോടി 80 ലക്ഷം രൂപ ഉപയോഗിച്ച് ഫൗണ്ടറി യൂണിറ്റിന്റെ പുനരുദ്ധാരണ ജോലികൾ നടന്നുവന്നിരുന്നു. അതിന്റെ പൂർത്തീകരണത്തിന് ബാക്കി തുകയായ 2 കോടി 20 ലക്ഷം രൂപ സഹായധനമായി (ഗ്രാന്റ്) നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.)യുടെ ബീറ്റാലാക്ടം ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായിട്ടുള്ള പദ്ധതിപ്രകാരം ബീറ്റാലാക്ടം ഇഞ്ചക്ഷൻസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 4.84 കോടി രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

നോൺ-ബീറ്റാലാക്ടം ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതിയ സംവിധാനത്തിനായി 39.65 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ കെ.എസ്.ഡി.പി.യുടെ ഉല്പാദനശേഷിയിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. ഈ പദ്ധതിക്കുള്ള തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വൈറ്റമിൻ എ പ്ലാന്റിന്റെ പ്രവർത്തനത്തോടനുബന്ധിച്ച് ഇലക്ട്രിസിറ്റി ചാർജായി 143 ലക്ഷം രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. ഇതിൽ 52.45 ലക്ഷം രൂപ കറന്റ് ചാർജും ബാക്കി പലിശയും ഡിമാന്റ് ചാർജുമാണ്. ഈ വകയിൽ അടയ്ക്കുവാനുള്ള തുക 52.45 ലക്ഷം (എനർജി ചാർജ് മാത്രം) ആയി തിട്ടപ്പെടുത്താനും ഈ കുടിശ്ശിക അടയ്ക്കുവാനുള്ള തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സെയിൽസ് ടാക്സിന്റെ Amnesty Scheme പ്രകാരം കമ്പനിക്ക് സെയിൽസ് ടാക്സ് കുടിശ്ശികയായി 37 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. കമ്പനിയുടെ കൈവശമുള്ള ഫണ്ടിൽ നിന്ന് കുടിശ്ശിക അടച്ചാൽ കമ്പനിയുടെ ഇന്നത്തെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. ആയതിനാൽ സെയിൽസ് ടാക്സ് കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ക്രെഡിറ്റേഴ്സിന് 300 ലക്ഷം രൂപയുടെ കുടിശ്ശിക കമ്പനി നൽകുവാനുണ്ട്. ഇവരിൽ പലരും കമ്പനിക്കെതിരായി നിയമനടപടികൾ സ്വീകരിക്കുകയും അനുകൂലമായ വിധി നേടുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനും ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതയ്ക്കുംവേണ്ടി ഈ ബാധ്യത തീർക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഡി.പി.ക്ക് അനുവദിച്ചിട്ടുള്ള ലോണുകളും അതിന്റെ പലിശയുമുൾപ്പെടെ 32.16 കോടി രൂപ Equity ആയി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ തുക Equity ആയി മാറ്റുന്നതോടെ കമ്പനിയുടെ സാമ്പത്തികസ്ഥിതിയും പ്രവർത്തനഫലവും മെച്ചപ്പെടും. ഈ പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പുതിയ ഉല്പാദന യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിനും നിലവിലുള്ള ഉല്പാദന പ്രക്രിയയിലെ സാരമായ തടസ്സങ്ങൾ നീക്കുന്നതിനുംവേണ്ടി അടിയന്തിരമായി ലഭ്യമാക്കേണ്ട ഉപകരണങ്ങൾക്കായി 1 കോടി 69 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങിയ ഇനത്തിൽ കമ്പനിക്ക് നിലവിൽ 2 കോടി 45 ലക്ഷം രൂപയുടെ കടബാദ്ധ്യത ഉള്ളതിനാൽ ഭാവി പ്രവർത്തനത്തിനായി വിഭവസമാഹരണം ദുർവഹമാണ്. ആയതിനാൽ ഉല്പാദന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ മൂന്നുകോടി അൻപത്തിമൂന്നുലക്ഷത്തി എൺപത്തിമൂവായിരം രൂപ പ്രവർത്തന മൂലധനമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ കാലപ്പഴക്കം മൂലം നിലവിലുള്ള ഹാമ്മറിന്റെ ഉല്പാദനശേഷി പ്രതികൂലമായി ബാധിക്കുന്നതിനാൽ പുതിയ ഹാമ്മർ വാങ്ങുവാനുള്ള ആഗോള ടെണ്ടർ കമ്പനി വിളിച്ചിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ മുതൽമുടക്ക് ഏകദേശം 16 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ ധനസമാഹരണത്തിന് കമ്പനി 4 കോടി രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയായും ബാക്കി 12 കോടി രൂപ സർക്കാരിന്റെ മൂലധനനിക്ഷേപമായും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ 12 കോടി രൂപ മൂലധന നിക്ഷേപമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് വരുംവർഷങ്ങളിലെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച് കമ്പനിക്ക് പവർ കേബിളുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി 9.5 കോടി രൂപയും 3.4 കോടി രൂപ കടമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സിറാമിക്സ് ലിമിറ്റഡിനുവേണ്ടി ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ് മുഖേന കണ്ടെത്തുകയും ആസ്ഥലം അക്വയർ ചെയ്യുന്നതിനായി 4 കോടി രൂപ ആവശ്യപ്പെട്ടതിൽ 3 കോടി രൂപ 2010-11-ൽ ലഭ്യമാകുകയും ചെയ്തു. എന്നാൽ കുണ്ടറയിൽ ടെക്നോപാർക്കിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയതോടുകൂടി ഇവിടുത്തെ സ്ഥലത്തിന്റെ വില ഉയരുകയും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഡിവിഷന്റെ മൈനിംഗിന് ആവശ്യമുള്ള സ്ഥലം മുഴുവനായും ലഭ്യമാക്കാനായി 5 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കുണ്ടറയിലുള്ള ക്ലെയിസ് ആന്റ് മിനറൽസ് ഡിവിഷന്റെ പ്ലാന്റ് 90% ജീർണ്ണാവസ്ഥയിലാണ്. ഈ പ്ലാന്റിനെ ഉൽപ്പാദന സജ്ജമാക്കുന്നതിനായുള്ള പ്രോജക്ട് തയ്യാറാക്കുന്നതിന് KSIDC/KITCO തുടങ്ങിയവപോലുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള സഹായം ലഭ്യമാക്കുന്നതിന് ഏകദേശം 1 കോടി രൂപയെങ്കിലും ചെലവഴിക്കേണ്ടി വരുന്നു. ഈ തുക കമ്പനിക്ക് സമാഹരിക്കുവാൻ കഴിയാത്തതിനാൽ ടി തുക കൂടി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന് ഗവൺമെന്റ് ലോണായി 14.5% പലിശ നിരക്കിലുള്ള 3.72 കോടി രൂപയുടെ കടബാധ്യത ഇതുവരെയുണ്ട്. പലിശയിനത്തിൽ 2.22 കോടി രൂപ ഗവൺമെന്റിനു കൊടുക്കേണ്ടതുണ്ട്. പ്രതിമാസം 80 ലക്ഷം രൂപ കെ.എഫ്.സി.ക്ക് തിരിച്ചടയ്ക്കുന്നതോടൊപ്പം ഗവൺമെന്റിനുള്ള കടബാദ്ധ്യതയും തിരിച്ചടയ്ക്കാനുള്ള സാമ്പത്തികസ്ഥിതി തൽക്കാലം കമ്പനിക്കില്ല. ഇത് ഇക്വിറ്റി ക്യാപ്പിറ്റലാക്കാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്തു.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് അതിന്റെ നിലനിൽപ്പിനായി ആശ്രയിക്കുന്നത് മീറ്റർ ഉല്പാദനമാണ്. അതിനാൽ മീറ്റർ നിർമ്മിച്ചു നൽകുന്നതിനായി കമ്പനിക്ക് ആവശ്യമുള്ള പ്രവർത്തനമൂലധനമായ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ പ്രക്യൂവർമെന്റ് സെന്റർ തുടങ്ങുന്നതിന് 20 കോടിയും ഫാക്ടറി ഷെഡുകളുടെ പുനരുദ്ധാരണത്തിന് 1.50 കോടിയും ഗ്രാറ്റുവിറ്റിയും ത്രിഫ്റ്റും കൊടുക്കുന്നതിന് 4.50 കോടി രൂപയും കാപ്പക്സിന്റെ ഫാക്ടറികളുടെ നവീകരണത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 12 കോടിയും കാപ്പക്സിന്റെ കശുവണ്ടിപ്പരിപ്പിന്റെ വിപണി വിപുലീകരിക്കുന്നതിന് 1.5 കോടി രൂപയും അനർട്ടുമായി സഹകരിച്ചുകൊണ്ട് ഫാക്ടറികളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും ചേർത്ത് ആകെ 40 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾക്കും സാധ്യതാപഠനങ്ങൾക്കുമായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ 2 കോടി രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാനത്ത് വ്യവസായ മേഖലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയിലേക്കായി 60 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി ഏകദേശം 300 ഏക്കർ സ്ഥലം കൊച്ചിയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിലേക്ക് 50 കോടി രൂപ ആവശ്യമായിരുന്നെങ്കിലും 9 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിന് മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വ്യവസായ പാർക്കുകളിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 90 കോടി രൂപ ആവശ്യമായിരുന്നതിൽ 4 കോടി രൂപ മാത്രമാണ് നൽകിയിരിക്കുന്നത്. കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കണ്ണൂർ വ്യവസായ വളർച്ചാകേന്ദ്രത്തിന്റെ വികസനത്തിനായി ആവശ്യമായ 372 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 51 കോടി രൂപ ആവശ്യമായിവരുന്നതിൽ 6 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 45 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കാസർഗോഡ് ചീമേനിയിൽ കേരള വിദ്യുത്ച്ഛക്തി ബോർഡുമായി ചേർന്ന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തെർമൽ വൈദ്യുത പദ്ധതിക്ക് 2011-12-ൽ 110 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. ആയതിലേക്കായി അനുവദിച്ചിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമായതിനാൽ 106 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന ബൃഹത് പദ്ധതിയായ അതിവേഗ റെയിൽപ്പാതയ്ക്കുവേണ്ടി 50 കോടി രൂപ ആവശ്യപ്പെട്ടതിൽ 9 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 41 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കുറ്റ്യാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി 7 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിനെക്കുറിച്ചുള്ള ചർച്ചയിൽ സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതയുടെ ബാക്കി നൽകാനുള്ള 40 കോടി രൂപയും പലിശയും നൽകുന്നതോടൊപ്പം ഇപ്പോഴത്തെ ബാദ്ധ്യതയായ 59 കോടി രൂപയും ഏറ്റെടുത്ത് തവണകളായി നൽകാൻ സാഹചര്യമൊരുക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തൊഴിലാളികൾക്ക് 2010 വരെ നൽകാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ 6.80 കോടി രൂപയും കോർപ്പറേഷന് പ്രവർത്തന മൂലധനമായി 50 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കോർപ്പറേഷന്റെ കൈവശമുള്ള വാടക ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിന് 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 211.62 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്നും ഗ്യാരണ്ടി കമ്മീഷനായി നൽകേണ്ട 3.92 കോടി രൂപയും അതിന്റെ പലിശയും ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്തു.

വിൽപ്പന നികുതി Amnesty Scheme പ്രകാരം അടയ്ക്കേണ്ട 3.93 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസിന്റെ പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഏകദേശം 22 കോടി രൂപ വേണ്ടിവരും. ആയതിലേക്കായി 10 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തുടർന്ന് സമിതി ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തെക്കുറിച്ച് ചർച്ച ചെയ്യുകയും താഴെപ്പറയുംപ്രകാരം ശുപാർശകൾ നടത്തുകയും ചെയ്തു.

ടെക്നോപാർക്ക് 2011-12-ലേക്കുള്ള വാർഷിക ബഡ്ജറ്റിൽ സ്ഥലമെടുപ്പിന് 177 കോടിയും സ്ഥലവികസനത്തിന് 24 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനുള്ള സ്ഥലവില പുനർനിർണ്ണയിച്ച് വരുമ്പോൾ കൂടുതലായിവരുന്ന തുക സർക്കാർ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഐ.റ്റി പാർക്കുകൾക്കുവേണ്ടി 78 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടെക്നോപാർക്കിന്റെ വികസനവും വളർച്ചയും കണക്കിലെടുത്ത് ഈ തുകയിൽ ടെക്നോപാർക്കിന് അനുവദിക്കുന്ന തുക ടെക്നോപാർക്കിന്റെ വികസനത്തിന് തീർത്തും അപര്യാപ്തമായ സാഹചര്യത്തിൽ 344 കോടി രൂപ ടെക്നോപാർക്കിനുവേണ്ടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

40 ഏക്കറിൽ കൊല്ലം കുണ്ടറയിൽ ആരംഭിക്കുന്ന ടെക്നോപാർക്കിന് തുടക്കത്തിൽ 100000 ചതുരശ്ര അടി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്നുണ്ട്. ഇവിടെ 2 വർഷത്തിനുള്ളിൽ 10000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇതിനായി ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിക്കുള്ള മൂലധന നിക്ഷേപത്തിനുള്ള ബഡ്ജറ്റ് വിഹിതം പ്രധാനമായും സൈബർ പാർക്കിനുവേണ്ടി ഏറ്റെടുക്കുന്ന 43 ഏക്കർ സ്ഥലത്തിന്റെ വിലയായും ഇവിടെ നിന്ന് കുടി ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു. ഇതിലേക്ക് ഏകദേശം 40 കോടി രൂപ പ്രതീക്ഷിക്കുന്നു. ഈ വർഷം ടെക്നോ ലോഡ്ജ് പദ്ധതിക്കുവേണ്ടി ഏകദേശം 12 കോടി രൂപ ചെലവിടേണ്ടതായുണ്ട്. ഐ.റ്റി അക്കാദമി സ്ഥാപിക്കാൻ മൂലധന ഓഹരി ഇനത്തിൽ ഏകദേശം 2.08 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. മേൽ സൂചിപ്പിച്ച പദ്ധതികൾ ലക്ഷ്യം കൈവരിക്കാൻ കമ്പനിക്കുവേണ്ടി വകയിരുത്തിയിട്ടുള്ള 24 കോടി രൂപ 39.90 കോടി രൂപയായി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 12.35-ന് യോഗം പിരിഞ്ഞു.

അനുബന്ധം V

## 2011 ആഗസ്റ്റ് 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2011 ആഗസ്റ്റ് മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. സി. കൃഷ്ണൻ
4. ശ്രീ. വി. ശശി

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി

സമിതി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVII (വ്യവസായങ്ങൾ)-ന്റെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ശുപാർശകൂടി ഉൾപ്പെടുത്താൻ തീരുമാനിക്കുകയും തുടർന്ന് ടി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

2011-2012-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് നിന്ന് തെരഞ്ഞെടുത്തതും പരിശീലനം ലഭിച്ചവരുമായ 5-ൽ കുറയാത്ത അംഗങ്ങൾ ചേർന്ന് 10000 ഓളം ചെറുകിട-മൈക്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുന്നതാണെന്നും ഇപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യവസായിക യൂണിറ്റുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 90% തുക പലിശരഹിത വായ്പയായി കെ.എഫ്.സി. നൽകുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. പൊതുമേഖല, സ്വകാര്യമേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കേണ്ടത് വ്യവസായ വകുപ്പാണ്. ആയതിനാൽ ബഡ്ജറ്റ് ഹെഡിൽ ഇതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2010 ജൂൺ 29 മുതൽ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.35-ന് പിരിഞ്ഞു.

## അനുബന്ധം VI

### 2011 ഒക്ടോബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2011 ഒക്ടോബർ 10-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
2. ശ്രീ. എളമരം കരീം
3. ശ്രീ. സി. കൃഷ്ണൻ
4. ശ്രീ. വി. ശശി

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജപബാലൻ ഒളിവർ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. പത്മനാഭപിള്ള, എസ്., ജോയിന്റ് സെക്രട്ടറി, ഐ. ടി. വകുപ്പ്
3. ശ്രീ. പി. സി. കാസിം, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
4. ഡോ. കെ. മദനൻ, ഡയറക്ടർ, കയർ ഡെവലപ്മെന്റ്
5. ശ്രീ. കെ. പത്മകുമാർ, സെക്രട്ടറി, റിയാബ് ആന്റ് മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ്
6. ശ്രീ. എസ്. രാംനാഥ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
7. ഡോ. എലിസബത്ത് ഷെർലി, ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, കേരള
8. ശ്രീ. എം. സുന്ദരമൂർത്തി, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
9. ശ്രീ. സജി ബഷീർ, എം.ഡി., സിഡ്കോ
10. ശ്രീ. കെ. സി. സി. നായർ, സി.എഫ്.ഒ., ടെക്നോപാർക്ക്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളുടെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച് നടപടികളടങ്ങുന്ന സ്റ്റേറ്റു മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2007-08-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13672/സബ്സി.ബി2/07/ലെജി)

ശുപാർശ നമ്പർ 38, 39, 40 & 41

അംഗീകരിച്ചു.

## 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15533/സബ്സി.ബി2/09/ലെജി)

ശുപാർശ നമ്പർ 56

സമിതിക്ക് സമർപ്പിച്ചിരുന്ന സ്റ്റേറ്റ്മെന്റിൽ ചെറിയൊരു വ്യത്യാസമുള്ളതായി വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിൽ റീ റോളിംഗ് മിൽ സ്ഥാപിക്കുന്നതിന് 7.15 കോടി രൂപയുടെ ഭരണാനുമതി ആയിട്ടില്ലെന്നും പ്രോജക്ട് ആയാൽ മാത്രമേ ഭരണാനുമതി ലഭിക്കുകയുള്ളൂവെന്നും സമിതിയിൽ വ്യക്തമാക്കി. തുടർന്ന് ടി ശുപാർശയിന്മേൽ ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

## 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14982/സബ്സി.ബി2/10/ലെജി)

ശുപാർശ നമ്പർ 42 മുതൽ 51 വരെ

പല പദ്ധതികൾക്കും ലാന്റ് അക്വിസിഷനിലും മറ്റും പുരോഗതി ഉണ്ടാകാത്തതു കൊണ്ടാണ് അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ലാതെവരുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. കഴിഞ്ഞകൊല്ലം ചില പദ്ധതികൾക്ക് പ്രൊവിഷൻ നൽകിയിട്ടും ലാന്റ് അക്വിസിഷൻ പൂർത്തിയാകാത്തതുകൊണ്ട് പണം ചെലവാക്കാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ അടുത്തകൊല്ലം ധനകാര്യവകുപ്പ് കുറച്ച് തുക പിൻവലിക്കും. ഏത് പ്രോജക്ട് പരിശോധിച്ചാലും ഈയൊരു ന്യൂനത കാണാൻ കഴിയുമെന്ന് സമിതി ചെയർമാൻ അറിയിച്ചു. ടി ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 53, 54, 55, 56 & 57

ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 61 & 62

പയ്യന്നൂർ കിൻഫ്രയുടെ റൂറൽ അപ്പാരൽ പാർക്കിനുവേണ്ടിയുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന്റേതാണെന്നും പ്രസ്തുത ഭൂമി വിട്ടുനൽകാൻ ടി വകുപ്പ്

വിമുഖത പ്രകടിപ്പിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ മൂല്യം ഇക്വിറ്റിയായി കണക്കാക്കി പൊതുമരാമത്ത് വകുപ്പിന് നൽകിക്കൊണ്ട് ഏതെങ്കിലും പ്രൊമോട്ടറെ നിയോഗിച്ചുകൊണ്ട് പയ്യന്നൂരിൽ റൂറൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 68 & 69

സിഡ്കോയെ സംബന്ധിച്ച ചർച്ചയിൽ കഴിഞ്ഞവർഷം 53 കോടി രൂപയുടെ ബിസിനസ്സ് ചെയ്തതായി എം.ഡി. അറിയിച്ചു. 20 ലക്ഷം രൂപയാണ് ഗവൺമെന്റ് സപ്പോർട്ട് എന്ന നിലയിൽ എല്ലാ വർഷവും കിട്ടുന്നതെന്നും ടി തുകയിൽ വർദ്ധന വരുത്തിയാൽ വലിയ പ്രോത്സാഹനമായിരിക്കുമെന്നും കഴിഞ്ഞ സാമ്പത്തിക വർഷം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ടേൺഓവർ ഉള്ള കമ്പനി ആയി സിഡ്കോ മാറിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗവൺമെന്റ് സപ്പോർട്ട് കൂടി കിട്ടുകയാണെങ്കിൽ ഈ വർഷം ഏകദേശം 200 കോടി രൂപയുടെ ബിസിനസ്സ് ചെയ്യാൻ കഴിയുമെന്ന് എം.ഡി. സമിതിയെ അറിയിച്ചപ്പോൾ ബിസിനസ്സ് പ്രൊപ്പോസ ലൊക്കെ വച്ച് അതിനായി ശ്രമിക്കാമെന്ന് ചെയർമാൻ അറിയിച്ചു.

ശുപാർശ നമ്പർ 70

ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് സ്ഥിതി ചെയ്യുന്നതിന് സമീപത്ത് ഇപ്പോൾ ഒരു ഇൻലാന്റ് പോർട്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും കിൻഫ്രയുമായി ആലോചിച്ച് അവിടെ വെയർഹൗസ് സ്ഥാപിച്ചാൽ അധികവരുമാനമുണ്ടാക്കാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. വേമ്പനാട്ട് കായലിൽ നിന്ന് വെള്ളകക്ക ഖനനം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ അസംസ്കൃത വസ്തു മറ്റെവിടെനിന്നെങ്കിലും ലഭ്യമാക്കി വൈറ്റ് സിമന്റ് ഉല്പാദിപ്പിക്കുന്നതോ അതോ ഗ്രേ സിമന്റിന്റെ ഉല്പാദന ത്തിലേക്ക് മാറുന്നതാണോ ഏതാണ് ഉചിതം എന്നത് സംബന്ധിച്ചും റിയാബ് ഒരു പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 74 & 77

ടി ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

P.M.E.G.P. സ്കീം സംബന്ധിച്ച ശുപാർശ

(ഫയൽ നമ്പർ 14105/സബ്.സി.ബി.2/2009/ലെജി.)

സമിതിയുടെ 30-1-2009-ലെ യോഗത്തിൽ P.M.E.G.P. സ്കീം സംബന്ധിച്ച പ്രോജക്ടുകൾ ഇൻഡസ്ട്രീസ് ഡയറക്ടറേറ്റുവഴി നടപ്പിലാക്കണമെന്ന ശുപാർശയ്ക്ക് വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

## വയനാട് ജില്ലയിലെ ക്വാറികളുടെ മൈനിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 16328/സബ്.സി.ബി2/2010/ലെജി)

ടി റിപ്പോർട്ടും സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## അനുബന്ധം VII

### 27-10-2011-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2011 ഒക്ടോബർ 27-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V C' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

അംഗങ്ങൾ :

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
3. ശ്രീ. എളമരം കരീം
4. ശ്രീ. സി. കൃഷ്ണൻ
5. ശ്രീ. സാജു പോൾ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി

സമിതി 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൽ സർക്കാർ സ്വീകരിച്ച നടപടികളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 3.15-ന് യോഗം പിരിഞ്ഞു.

## അനുബന്ധം VIII

### 29-12-2011-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2011 ഡിസംബർ 29-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. പി. കെ. കുഞ്ഞാലികുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ടി യോഗത്തിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം. എൽ. എ., ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ എന്നിവർ ഹാജരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. രാജു വൈ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി റാണി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, കയർ വകുപ്പ്
3. ശ്രീ. ടി. ഒ. സൂരജ്, ഡയറക്ടർ, ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് വകുപ്പ്
4. കമാന്റർ കെ. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ, കെൽ
5. ശ്രീ. എ. ആബിദ്, മാനേജിംഗ് ഡയറക്ടർ, സിൽക്ക്
6. ശ്രീ. ടി. പി. തോമസ് കുട്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.
7. ശ്രീ. ആർ. രാജേഷ്, മാനേജിംഗ് ഡയറക്ടർ, ആട്ടോകാസ്റ്റ്
8. ശ്രീ. സി. ബലരാമൻ, ഡയറക്ടർ ഓഫ് മൈനിംഗ് ആന്റ് ജിയോളജി
9. ശ്രീ. സാം. സി. ഇട്ടിച്ചെറിയ, ഡയറക്ടർ ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ്.

സമിതി വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ 2010-11-ലെ ആനുവൽ പെർഫോർമൻസ് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുംപ്രകാരം ചർച്ച ചെയ്യുകയും ചെയ്തു.

### വ്യവസായ വാണിജ്യ വകുപ്പ്

23 ബഡ്ജറ്റ് ഹെഡുകളിലായി വിവിധ പദ്ധതികളാണ് വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് നടപ്പിലാക്കുന്നത്. ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടിക്കായി 2010-11-ൽ 2 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിരുന്നതിൽ കേന്ദ്രം

അംഗീകരിച്ച മൂന്ന് ക്ലസ്റ്ററുകൾക്കായി 63 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ബാക്കി തുക കേന്ദ്രവിഹിതത്തിന് ആനുപാതികമായി ചെലവഴിക്കേണ്ടതാണെന്നും കേന്ദ്ര വിഹിതം ലഭിക്കാത്തതുകൊണ്ടാണ് അത് ചെലവഴിക്കാൻ കഴിയാത്തതെന്നും അദ്ദേഹം വ്യക്തമാക്കി. കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 44 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നതിൽ 30 ലക്ഷം രൂപ ചെലവഴിച്ചു. 14 ലക്ഷം രൂപ സുരഭിക്കുവേണ്ടി അനുവദിച്ചെങ്കിലും അവർ യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ട് അത് കൊടുക്കേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ബാക്കി എല്ലാ ബഡ്ജറ്റ് ഹെഡുകളിലുമുള്ള തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു.

**കയർ വികസന വകുപ്പ്**

2010-11-ൽ 85 കോടി രൂപയായിരുന്നു കയർ വികസന വകുപ്പിനുള്ള ബഡ്ജറ്റ് അലോക്കേഷൻ. അഡീഷണൽ ആതറൈസേഷനും കൂട്ടിച്ചേർത്ത് 111 കോടി രൂപയാണ് ആകെ അനുവദിച്ചത്. കഴിഞ്ഞവർഷം 95% തുക ചെലവഴിക്കാൻ കഴിഞ്ഞതായി കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ചില ഹെഡ് ഓഫ് അക്കൗണ്ടിൽ മാത്രമാണ് എക്സ്പെൻഡിച്ചറിൽ കുറവുവന്നത്. അതിൽ ഒരു പ്രധാനം ഐറ്റം ഡീഫൈബറിംഗ് മിൽ സ്ഥാപിക്കുന്ന ഹെഡിലാണ്. അതിൽ 67% ആണ് ചെലവ് വന്നിട്ടുള്ളത്. റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് രൂപപ്പെടുത്തിയ പുതിയ ഡീഫൈബറിംഗ് മെഷീൻ എല്ലായിടത്തും എത്താനുള്ള സമയമെടുത്തതുകൊണ്ടും നിലവിലുള്ള വലിയ ഡീഫൈബറിംഗ് യൂണിറ്റുകൾ മെച്ചപ്പെടുത്തി പ്രവർത്തനരഹിതമായിരുന്നവ പ്രവർത്തനയോഗ്യമാക്കി മാറ്റാനുള്ള പ്രൊപ്പോസലിന് മാത്രം തുക കൊടുത്തതുകൊണ്ടുമാണ് ഈ ഹെഡിൽ കുറച്ച് തുക ബാക്കിവന്നത്. കയർ തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതിയിൽ 65% ആണ് ചെലവ് വന്നിരിക്കുന്നത്. ഇലക്ഷൻ പ്രഖ്യാപിച്ചതുകാരണം അവസാനം കിട്ടിയ കുറച്ച് അപേക്ഷകളിന്മേലുള്ള തുക കൊടുക്കാൻ സാധിച്ചില്ല. അതുകൊണ്ടാണ് അതിൽ കുറച്ച് തുക മിച്ചംവന്നത്.

2000-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ഫണ്ട് (ഭേദഗതി) ചട്ടം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയത് സംബന്ധിച്ച്

1987-ലെ കേരള കയർ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആക്ട് 1998-ൽ ഭേദഗതി ചെയ്ത് അതിൽ കുറച്ച് മാറ്റങ്ങൾ കൊണ്ടുവന്നിരുന്നു. ടി ഭേദഗതി അനുസരിച്ചാണ് കയർ തൊഴിലാളി വെൽഫയർ ഫണ്ട് റൂൾസ് പ്രൊപ്പോസ് ചെയ്തിരുന്നത്. ടി റൂൾസ് സബ്ജക്ട് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം 2008-ൽ കേരള കയർ തൊഴിലാളി ക്ഷേമ സെസ് ആക്ട് നിലവിൽ വന്നതിനുശേഷം സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച റൂൾസിന് പ്രസക്തിയുണ്ടോ എന്ന ചോദ്യം ഉയർന്നതിനാൽ പ്രസ്തുത വിഷയം പരിശോധിച്ചതിൽ നേരത്തെയുള്ള റൂളിന് പ്രസക്തിയുണ്ടെന്ന് മനസ്സിലായതായും പക്ഷേ അതിലെ രണ്ടുഖണ്ഡം മാറ്റേണ്ടിവരുമെന്നും സമിതി വിലയിരുത്തി. 1998-ൽ വന്ന ഭേദഗതി ആക്ടിലെ ഒരു ഖണ്ഡം ഹൈക്കോടതി റദ്ദുചെയ്തു. റൂൾസ് കമ്മിറ്റിയിൽ വന്നതിനുശേഷമാണ് ഹൈക്കോടതി റദ്ദ് ചെയ്തത്. അതിനാൽ അതിനനുസരിച്ചുള്ള മാറ്റംവരുത്തേണ്ടതുണ്ട്.

തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ ഒരു രൂപയിൽ നിന്ന് 5 രൂപയാക്കുമെന്നാണ് പഴയ റൂളിൽ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ അത് 10 രൂപയാക്കണമെന്ന് പറഞ്ഞ് പ്രൊപ്പോസൽ വന്നിട്ടുണ്ട്. ഈ മാറ്റങ്ങളെല്ലാം വരുത്തി വീണ്ടും റൂൾസ് സമർപ്പിക്കുന്നതായിരിക്കും നല്ലത് എന്ന് കയർ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കൈത്തറി, യന്ത്രത്തറി വ്യവസായം

2010-11 വർഷത്തെ പദ്ധതിയിനങ്ങൾക്കായി ബഡ്ജറ്റ് അലോക്കേഷനായിരുന്ന 61.03 കോടി രൂപയും അധിക തുക അനുവദിച്ചതും കൂടി 71.53 കോടി രൂപയാണ് ആകെ ലഭിച്ചത്. അതിൽ 67.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതികൾക്ക് 50.83 കോടി രൂപ വകയിരുത്തിയതിൽ 49.54 കോടി രൂപയും യന്ത്രത്തറി വ്യവസായങ്ങൾക്ക് 13.51 കോടി രൂപ വകയിരുത്തിയതിൽ 13.51 കോടി രൂപയും കേന്ദ്രാവിഷ്‌കൃത പദ്ധതികൾക്ക് 7 കോടി 21 ലക്ഷം രൂപ വകയിരുത്തിയതിൽ 4 കോടി 55 ലക്ഷം രൂപയും ചെലവഴിച്ചു. ക്ലസ്റ്റർ പദ്ധതിക്ക് കഴിഞ്ഞ വർഷം കേന്ദ്രവിഹിതം കിട്ടാത്തതിനാൽ 2.65 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല. ബാക്കി എല്ലാ തുകകളും ചെലവഴിച്ചതായി ഡയറക്ടർ സമിതിയെ അിറയിച്ചു.

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്**

2010-11-ൽ 162 ലക്ഷം രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. അതിൽ 116 ലക്ഷം രൂപ ചെലവഴിച്ചതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ഒരു വിദഗ്ധനെ G.S.I-ൽ നിന്ന് കിട്ടാത്തതുകൊണ്ടാണ് തുക ചെലവഴിക്കാൻ കഴിയാത്തതെന്നും ടി തുക നേരത്തേതന്നെ സറണ്ടർ ചെയ്തെന്നും സമിതിയെ അറിയിച്ചു. ലാബ് ഉപകരണങ്ങൾ വാങ്ങൽ, ഖനിജ പര്യവേക്ഷണം തുടങ്ങിയ കാര്യങ്ങൾക്കാണ് കൂടുതൽ തുക ചെലവഴിക്കുന്നത്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ**

2010-11-ൽ കെ.എസ്.ഐ.ഡി.സി-ക്ക് ഷെയർ കാപ്പിറ്റലായി 65 കോടി രൂപയും ലോണായി 25 കോടി രൂപയുമാണ് സർക്കാർ അനുവദിച്ചത്. അതിൽ മെഗാ പ്രോജക്ടുകൾക്കുവേണ്ടി 79 കോടി രൂപ ചെലവഴിച്ചു. പല പദ്ധതികൾക്കായിട്ടുള്ള ടേം ലോണിനായി 85 കോടി രൂപ റിലീസ് ചെയ്തു. ആകെ 165 കോടി രൂപ കഴിഞ്ഞ വർഷത്തിൽ കെ.എസ്.ഐ.ഡി.സി റിലീസ് ചെയ്തിട്ടുണ്ട്. ഗവൺമെന്റിൽ നിന്ന് കിട്ടിയിട്ടുള്ളത് 90 കോടി രൂപയാണ്. തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ കെ.എസ്.ഐ.ഡി.സി ഇതുവരെ 75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഗവൺമെന്റിൽ നിന്ന് 40 കോടി രൂപയാണ് കിട്ടിയിട്ടുള്ളത്. കെ.എസ്.ഐ.ഡി.സി.യുടെ കയ്യിലുണ്ടായിരുന്ന 35 കോടി രൂപ ഇതിലേയ്ക്കായി കൂടുതൽ ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ ഇക്വിറ്റി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും കഴിഞ്ഞവർഷം ഇക്വിറ്റിയായി കിട്ടിയത് 65 കോടി രൂപയാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

**കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)**

2009-10-ൽ 3 കോടി രൂപ അനുവദിച്ചതിൽ 153 ലക്ഷം രൂപ കെൽ-ന് ലഭിച്ചിരുന്നു. 2010-11-ൽ അതിന്റെ ബാക്കിയായ 146 ലക്ഷം രൂപ എടരിക്കോട് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായി ലഭിച്ചു. എടരിക്കോട് യൂണിറ്റിൽ

ഡിസംബർ 2009 മുതൽ നല്ല രീതിയിലുള്ള പ്രവർത്തനം നടക്കുന്നുണ്ട്. 2010-11 ൽ കമ്പനി 122 ലക്ഷം രൂപ ലാഭമുണ്ടാക്കി. പ്രതിമാസം ഇപ്പോൾ 120 ഓളം ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നുണ്ട്. പുനരുദ്ധാരണത്തിന് അനുവദിച്ച 3 കോടി രൂപയുടെ ഫണ്ടിൽ നിന്നാണ് ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തി പ്രവർത്തനം ആരംഭിച്ചത്. 178 ലക്ഷം രൂപ ക്യാസർഗോഡ് യൂണിറ്റിന്റെ ബാക്കിയുള്ള ഓർഡറുകൾ നടപ്പാക്കാനുള്ള വർക്കിംഗ് കാപ്പിറ്റലായി ലഭിച്ചിട്ടുണ്ട്. അതും മുഴുവനായി വിനിയോഗിച്ചിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന ഓർഡറുകൾ തീർത്ത് മാർച്ച് 28-ന് BHEL-ന് കൈമാറി. കുണ്ടറ യൂണിറ്റിന് 3 കോടി രൂപ വർക്കിംഗ് കാപ്പിറ്റൽ അനുവദിച്ചത് എസ്.ഐ.എഫ്.എൽ.വഴി ലോൺ ആയിട്ടാണ്. അത് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കുണ്ടറ യൂണിറ്റിന് 416 ലക്ഷത്തോളം രൂപ പ്രവർത്തന നഷ്ടമുണ്ടായപ്പോൾ ആ നഷ്ടം നികത്തുന്നതിലേക്കുള്ള ഒരു വർക്കിംഗ് കാപ്പിറ്റലിന്റെ സഹായമായിട്ടാണ് ചെലവഴിച്ചത്. കുണ്ടറ യൂണിറ്റിന്റെ പ്രവർത്തനം വളരെ മോശമാണെന്നും യൂണിറ്റ് എങ്ങനെ പുനരുദ്ധരിക്കാം എന്നത് സംബന്ധിച്ച് റിയാബുംകൂടി ഇടപെട്ട് നിരന്തരമായി ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയാണെന്നും കെൽ-ന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്)**

2010-11-ൽ സിൽക്ക് ഫൗണ്ടറി യൂണിറ്റിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 280 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ 117 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചെന്നും ബാക്കി മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനുള്ള പണികൾ നടന്നുവരുന്നതായും മാനേജിംഗ് ഡയറക്ടർ അറിയിച്ചു. 2010-11 വർഷം 30 കോടി രൂപയുടെ ടേൺ ഓവറും 120 ലക്ഷം രൂപയുടെ ലാഭവുമുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിനുശേഷമുള്ള സ്ഥിതി സമിതി ആരാഞ്ഞപ്പോൾ ബഡ്ജറ്റ് ടേൺ ഓവർ 40 കോടി രൂപയാണെന്നും ഇതുവരെ 112 കോടി രൂപ നേടിയിട്ടുണ്ടെന്നും സ്ക്രാപ്പ് ബിസിനസ്സുമായി ബന്ധപ്പെട്ട ട്രേഡിംഗ് ഡിവിഷന്റെ വർക്ക് ഇല്ലാതായപ്പോൾ 10 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നും 4 മാസം കൊണ്ട് 60% കൂടി നേടി ലാഭത്തിലെത്താൻ കഴിയുമെന്നും എം. ഡി. വ്യക്തമാക്കി.

**ആട്ടോകാസ്റ്റ് ലിമിറ്റഡ്**

നവീകരണ പ്രവർത്തനങ്ങൾക്കായി 2010-11-ൽ 8 കോടി 96 ലക്ഷം രൂപ ലഭിച്ചു. അതിൽ 2 കോടി 43 ലക്ഷം രൂപയുടെ 2 മെഷീനുകൾ റിയാബുമായുള്ള ചർച്ചയ്ക്കുശേഷം തീരുമാനമെടുക്കുന്നതുമാണ്. ബാക്കിയുള്ള 6.56 ലക്ഷം രൂപയിൽ 90% ഓളം ഉപയോഗിച്ചുകഴിഞ്ഞു. മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ ബാക്കി 10% കൂടി ഉപയോഗിക്കാൻ കഴിയും. ലോക്കൽ മാർക്കറ്റിൽ നിന്നും ആവശ്യത്തിന് സ്ക്രാപ്പ് ലഭിക്കാത്ത സാഹചര്യത്തിൽ ഇമ്പോർട്ട് ചെയ്യേണ്ടിവരും. കഴിഞ്ഞ അഞ്ചുമാസമായി ഓരോ മാസവും ഉല്പാദത്തിൽ റിക്കോർഡ് ആണെന്നും 400 ടണ്ണിനുമേലാണ് ഉല്പാദനമെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.